2009 ഡിസംബർ
ഹി.ശ 1388 - ഫതഹ്
1430-31 ദുൽഹജ്ജ് - മുഹർറം
പുസ്തകം 81 ലക്കം 12
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

# സത്യദൂതൻ

സ്ഥാപിതം
1925

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 ***യുഗശബ്ദം***

5 ***മുഖക്കുറിപ്പ്***

6 ***സർവ്വജനപരിപാലകനായ ദൈവം***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ലേഖനം

7 ***നീതിയുടെമേൽ സമാധാനം സ്ഥാപിക്കുക***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 ***ഉയിർത്തെഴുന്നേൽപ്പോ അബോധമുക്തിയോ?***
ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ് &
മാർഗരറ്റ് ലോയ്ഡ് ഡേവിസ്

13 ***മതസ്വാതന്ത്ര്യം***
സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

15 ***വാർഷിക ജൽസ: ഒരു ആത്മീയ സംഗമവേദി***
മഹ്മൂദ് കൽക്കുളം

18 ***സ്നേഹത്തിന്റെ തൃക്കൈ നീട്ടിയ പ്രവാചകൻ***
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

22 ***മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിന് മറുപടി***
പി.എ. മുഹമ്മദ് സലീം

26 ***മൗദൂദി സാഹിബിന്റെ 'തിയോഡമോക്രസി' ജനാധിപത്യശൂന്യമായ പൗരോഹിത്യം***
എ.എം. മുഹമ്മദ് സലിം

31 ***ചന്ദ്രയാന്റെ വെളിപ്പെടുത്തലുകൾ***
ഏ.ക്യു. മഹ്ദി

34 ***അഹ്മദിയ്യാ പ്രസ്ഥാനം പുതുയുഗത്തിന്റെ പ്രത്യാശ***
അബ്ദുറഹിമാൻ കൊടിയത്തൂർ

37 ***മഹാത്മാക്കൾക്കെതിരെയുള്ള പീഡനം***
ഫാഇന്നൂർ റസൂൽ

കവിത

21 ***അബൂബക്കർ ഇബ്നു ആദം***
കെ.പി.എ. പുന്നോൽ

കുറിപ്പുകൾ

40 ***ബാബ്‌രി മസ്ജിദ് തകർത്തവർ എന്ത് നേടി?***

42 ***വാർത്തകൾ, അനുസ്മരണം***

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob : 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

**2009 December** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 12**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

മുഖക്കുറിപ്പ്

# ലൗ ജിഹാദിന്റെ രാഷ്ട്രീയം

മനുഷ്യൻ ജനിച്ച മതത്തിൽ നിന്ന് മാറുന്നത് ഒരു ക്രിമിനൽ കുറ്റമാണോ? ഗ്രന്ഥങ്ങളും, തത്വങ്ങളും, യുക്തി ന്യായങ്ങളുമുള്ള മതം ജന്മജാതമായ ഒരു ജനിതക പാരമ്പര്യം പോലെയല്ല. മനുഷ്യന് നൽകിയ ബുദ്ധിയും യുക്തിയും ധാർമ്മിക മനസ്സാക്ഷിയും ഉപയോഗിച്ച് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനും ഇഷ്ടമില്ലാത്തത് ഉപേക്ഷിക്കാനും ഒരാൾക്ക് സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം പൂർണ്ണമായും അയാളിൽ മാത്രം നിക്ഷിപ്തമാണ്. അതിന്റെ പരമാധികാരിയും അയാൾ തന്നെ. ഒരാൾക്ക് തന്റെ ഇച്ഛക്കനുസരിച്ച് മതം തിരഞ്ഞെടുക്കാനുള്ള അവകാശമില്ലെന്നും അങ്ങനെ മാറുന്നതിന്റെ പ്രേരണ എന്താണെന്ന് മറ്റൊരു അധികാരകേന്ദ്രം പരിശോധിക്കണമെന്നും പറയുന്നത് വ്യക്തി സ്വാതന്ത്ര്യത്തിനെതിരെയുള്ള ഹീനമായ കയ്യേറ്റവും അങ്ങേയറ്റം അപലപനീയവുമാണ്. ലൗ ജിഹാദ് എന്ന പേരിൽ കേരളത്തിൽ ഈയ്യിടെ ഉണ്ടായ വിവാദത്തിന്റെ കേന്ദ്രബിന്ദു മതമാറ്റമാണ്. ഇന്ത്യൻ ഭരണഘടന അനുവദിച്ച മതപരിവർത്തന സ്വാതന്ത്ര്യത്തിനെതിരെയുള്ള സംഘ്പരിപാറിന്റെ ഒളിയുദ്ധമായിരുന്നു ലൗ ജിഹാദിന്റെ മറവിൽ നടന്നത്. മതപരിവർത്തനത്തെ എതിർക്കുന്ന സംഘ്പരിവാറിന്ന് അതിനെ നേരിട്ടെതിർക്കുന്നതിന്റെ അയുക്തികതയും അന്യായവും നന്നായറിയാം. അത് കൊണ്ടാണ് പ്രണയവും തീവ്രവാദവുമായി കൂട്ടിക്കുഴച്ചുകൊണ്ടുള്ള ഈ പ്രചാരണയുദ്ധം. മുസ്‌ലിം യുവാക്കൾ ഹിന്ദുപെൺകുട്ടികളെ പ്രണയിച്ച് മതം മാറ്റി മത ഭീകരപ്രവർത്തനത്തിന് റിക്രൂട്ട് ചെയ്യുന്നു എന്നാണ് വാദം. അങ്ങനെയാരെങ്കിലും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അവരെ മാതൃകാപരമായി ശിക്ഷിക്കണം. അതിനു ലൗ ജിഹാദ് എന്ന പേരിനുപകരം ഭീകരപ്രവർത്തനമെന്നോ ഗൂഢാലോചനയെന്നോ ആണ് പേരിടേണ്ടത്. സർക്കാരും മറ്റു അന്വേഷണ ഏജൻസികളും തെളിവുകളില്ലെന്ന് പറഞ്ഞ ഈ ആരോപണം, ഒറ്റനോട്ടത്തിൽ തന്നെ ബാലിശമാണ്. ഹിന്ദുമതമോ ഇസ്‌ലാംമതമോ വിവാഹപൂർവ്വ പ്രണയം സ്വമതത്തിൽപെട്ടവരുമായി പോലും അനുവദിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല, എന്നിട്ടല്ലേ അന്യമതസ്ഥനുമായിട്ടുള്ള പ്രണയം! എങ്കിലും ആധുനിക ജീവിതത്തിന്റെ ശൈലിവിശേഷം കൊണ്ട് പ്രണയം എവിടെയും മുളപൊട്ടാം. *ചങ്ങമ്പുഴ പാടിയത് പോലെ 'സമുദായനീതികളല്ലതിന്റെ വിമലസാമ്രാജ്യത്തിൻ മാനദണ്ഡം'.* അതിന് ഒരു മതത്തെ മാത്രം പഴിച്ചിട്ട് കാര്യമില്ല. പ്രത്യേകിച്ച് പ്രണയം എന്ന തരള വികാരം മുസ്‌ലിം തീവ്രവാദികൾക്ക് ഒട്ടും വഴങ്ങുന്ന കലയുമല്ല.

മതംമാറ്റത്തെ പറ്റി ഇസ്‌ലാമിന്റെ നിലപാട് വ്യക്തമാണ്. സെക്കുലർ ഡമോക്രസി അനുശാസിക്കുംവിധം ഇഷ്ടമുള്ള മതത്തിലേക്ക് മാറാനുള്ള വ്യക്തിയുടെ അവകാശത്തെ ഇസ്‌ലാം പൂർണ്ണമായും പിന്തുണക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ നയപ്രഖ്യാപനം നടത്തുന്നത് ഖുർആനാണ്.

***'മതത്തിൽ യാതൊരു ബലാൽക്കാരവും പാടില്ല' (2:257) 'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. അതിനാൽ ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ. ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ.'* (18:30)**

ആരാണ് മതപരിവർത്തനത്തെ ഭയപ്പെടുന്നത് എന്ന കാര്യം പ്രസക്തമാണ്. മതത്തെ രാഷ്ട്രനിർമ്മാണത്തിനുള്ള ദേശീയതയായി കാണുന്നവരാണ് മതംമാറ്റത്തെ എതിർക്കുന്നത്. അവർക്ക് മതംമാറ്റം ഒരു രാഷ്ട്രത്തിൽ നിന്ന് മറ്റൊരു രാഷ്ട്രത്തിലേക്കുള്ള കൂറുമാറ്റമോ ഒറ്റിക്കൊടുക്കലോ പോലെയുള്ള കുറ്റകൃത്യമാണ്. ഹിന്ദുമതത്തിലെ സംഘ്പരിവാറും മുസ്‌ലിംകളിലെ ജമാഅത്തെ ഇസ്‌ലാമിയുമാണ് അക്കൂട്ടർ. സംഘ്പരിവാറിന് മതംമാറ്റം അനുവദിക്കപ്പെടാൻ പാടില്ലാത്ത കുറ്റകൃത്യമാണെങ്കിൽ ജമാഅത്തെ ഇസ്‌ലാമിക്ക് മതം മാറ്റം വധശിക്ഷ അർഹിക്കുന്ന അപരാധമാണ്. ഇക്കൂട്ടർക്ക് അധികാരം പിടിച്ചെടുക്കാൻ ഫാസിസ്റ്റ് ശൈലിയിലുള്ള ഒരു രാഷ്ട്രീയ വികാരം മാത്രമാണ് മതം. അധികാരത്തിന്റെ വഴിയിൽ ഈ മത ദേശീയതയെ എളുപ്പത്തിൽ തീപ്പിടിപ്പിക്കാനും ഇളക്കിമറിക്കാനും കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ട് മതവിശ്വാസികൾക്ക് സ്വതന്ത്രമായ ഇച്ഛയും അഭിപ്രായവും പാടില്ല എന്ന് മതരാഷ്ട്രവാദികൾ പറയുന്നു. വിശ്വാസികൾ കള്ളികൾ സ്വയം മാറാൻ പാടില്ലാത്ത രാഷ്ട്രീയ ചതുരംഗപലകയിലെ കരുക്കളായിരുന്നാൽ മാത്രം മതി എന്ന് മതരാഷ്ട്രവാദികൾ അനുശാസിക്കു

*(ശേഷം 17- ൽ)*

ലേഖനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
വാഗ്ദത്ത മസീഹ്

# സർവ്വജന പരിപാലകനായ ദൈവം

ഏതെങ്കിലും ഒരു പ്രത്യേക മതത്തിൽ മാത്രമെ പ്രവാചകന്മാർ അവതരിക്കയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്നു ദൈവം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നല്കുന്ന വിഷയത്തിൽ യാതൊരു ജനവർഗ്ഗത്തേയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർത്ഥം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവ്വൈകദാതാവായ ദൈവം എല്ലാ ദേശക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ട സർവ്വവും സംഭരിച്ചുകൊടുത്തിരിക്കുന്ന പ്രകാരം തന്നെ, എല്ലാ ദേശക്കാരുടെയും എല്ലാ വർഗ്ഗക്കാരുടെയും ആത്മപരിചരണത്തിനു ആവശ്യകമായ ഏർപ്പാടുകളും അവൻ ചെയ്തുപോന്നിട്ടുണ്ട്. ഈ വിഷയകമായി വിശുദ്ധ ഖുർആൻ ഒരിടത്തു ഇങ്ങനെ പറയുന്നു:

***"ഒരു ഉപദേഷ്ടാവ് വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല"*** (35:25).

അതിനാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സകലസമ്പൂർണ്ണനും സത്യസ്വരൂപനുമായ ദൈവം സർവ്വലോകങ്ങളുടെയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക വർഗ്ഗത്തിനോ പ്രത്യേക കാലത്തേക്കോ പ്രത്യേക ദേശത്തേക്കോ പരിമിതമായതല്ല. അവൻ എല്ലാ വർഗ്ഗക്കാരുടെയും എല്ലാ കാലത്തുള്ളവരുടെയും എല്ലാ ദേശക്കാരുടെയും രക്ഷിതാവും പാലകനുമാകുന്നു. സകല അനുഗ്രഹങ്ങളുടെയും നിലയനവും, ഭൗതികവും ആത്മികവുമായ സർവ്വശക്തികളുടെയും ഉത്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാണ് അഖില സൃഷ്ടികളെയും നോക്കി രക്ഷിക്കുന്നത്. എല്ലാ വസ്തുക്കളും അവങ്കൽ തന്നെയാണ് ആശ്രയിച്ചുനില്ക്കുന്നതും. അവന്റെ അനുഗ്രഹം അഖിലവർഗ്ഗങ്ങളുടെയും സകലരാജ്യങ്ങളുടെയും സർവ്വയുഗങ്ങളുടെയും മേൽ നിഴലിക്കുന്നതാകുന്നു. ആ സകലേശ്വരന്റെ അനുഗ്രഹം ഇങ്ങനെ സർവ്വവ്യാപകമായിരിക്കുന്നതു അവന്റെ കൃപാപരിപാലനത്തെസ്സംബന്ധിച്ചു ഒരു കൂട്ടർക്കും ആവലാതിപ്പെടാൻ അവസരമില്ലാതിരിക്കുന്നതിനുവേണ്ടിത്തന്നെയാകുന്നു. ദൈവം അവന്റെ അനുഗ്രഹം മറ്റുള്ളവർക്കല്ലാതെ തങ്ങൾക്കു നല്കിയില്ലെന്നോ, ദൈവത്തിങ്കൽനിന്നു മാർഗ്ഗദർശക ഗ്രന്ഥങ്ങൾ ഇതരന്മാർക്കല്ലാതെ തങ്ങൾക്ക് ലഭിച്ചില്ലെന്നോ, ദൈവം തന്റെ വചനവും വെളിപാടും ദൃഷ്ടാന്തവും മുഖേന കഴിഞ്ഞ ചില കാലങ്ങളിലല്ലാതെ തങ്ങളുടെ കാലത്ത് പ്രത്യക്ഷനായില്ലെന്നോ ഒരു കൂട്ടർക്കും പറയാൻ ഇടം കൊടുത്തില്ല. അങ്ങനെ, ആ സർവ്വ വല്ലഭൻ തന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽ നിന്നു ഏതെങ്കിലും ഒരു സമുദായത്തെയോ ഒരു കാലത്തെയോ ഒഴിവാക്കാതെ തന്റെ കൃപാവിതരണം സർവ്വവ്യാപവും നിത്യവുമാക്കിയിരിക്കുന്നു.

ഇങ്ങനെ, ദൈവത്തിന്റെ അനുഗ്രഹം നിസ്സീമവും സർവ്വവ്യാപകവും ആയിരിക്കുമ്പോൾ, അവന്റെ ദിവ്യഗുണങ്ങളെ നാം നമ്മുടെ ജീവിതത്തിൽ പകർക്കുകയും അതുകൾക്കൊത്ത് നമ്മുടെ സ്വഭാവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാകുന്നു. അല്ലയോ, നാട്ടുകാരായ സഹോദരരേ! ഈ വിശാലനിലയിലുള്ള മനസംസ്കാരത്തിലേക്കു നിങ്ങളെ ക്ഷണിക്കുന്നതിനായിട്ടാണ് 'മൈത്രീസന്ദേശം' എന്നു ഞാൻ നാമാഭിധാനം ചെയ്തിരിക്കുന്ന ഈ അഭ്യർത്ഥനയെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്.

*(മൈത്രീ സന്ദേശം)* ■

ലേഖനം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ്**

# നീതിയുടെമേൽ സമാധാനം സ്ഥാപിക്കുക

## ബ്രിട്ടനിലെ അഹ്മദിയ്യാ മുസ്ലിം അസോസിയേഷൻ സംഘടിപ്പിച്ച 6-ാം അന്തർദേശീയ സമാധാനസമ്മേളനത്തിൽ ഖലീഫത്തുൽ മസീഹ് നിർവ്വഹിച്ച മുഖ്യപ്രഭാഷണം

ബഹുമാന്യരായ അതിഥികളെ അസ്സലാമു അലൈക്കും വ റഹ്മത്തുല്ല. അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളുടെ മീതെ വർഷിക്കട്ടെ.

ഈയൊരു പരിപാടിയുമായി നിങ്ങൾ ഇപ്പോൾ പരിചയിച്ചുണ്ടാവും. കാരണം കഴിഞ്ഞ കുറേ വർഷങ്ങളായി നടന്നുവരുന്ന ഈ പരിപാടി വിവിധ മതസ്ഥരും ദേശക്കാരും പൊതുതാല്പര്യങ്ങൾ പങ്കുവെക്കുന്ന ഒരു വേദിയാണ്. സ്നേഹവും സൗഹാർ ദ്ദവും പങ്കുവെച്ച് കൊണ്ട് സമാധാനം പുലർന്നു കാണാനുള്ള തീവ്രാഭിലാഷവുമായി നാം ഇവിടെ ഒത്തുചേരുന്നു. സ്നേഹമെന്ന വികാരവും സൗഹൃദവും മാനുഷിക മൂല്യങ്ങളോടുള്ള അടുപ്പവും നമുക്കിടയിലെ പുതിയ മുഖങ്ങളിൽ ദൃശ്യമാണ്. ഇതുതന്നെയാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമാക്കുന്ന യഥാർത്ഥമൂല്യങ്ങൾ.

ഇസ്ലാമിനെതിരെയുള്ള നിഷേധാത്മകമായ വാക്കുകൾ കേട്ടു തഴമ്പിച്ചവരാണ് ഇവിടെ എത്തിയവരിൽ പലരും. ഇസ്ലാമിന്റെ യഥാർത്ഥ സത്യം എന്താണെന്ന് അവർക്ക് ഇവിടെ നിന്ന് മനസ്സിലാക്കാം. മനുഷ്യനിൽ അന്തർലീനമായികിടക്കുന്ന എല്ലാ സദ്വിചാരങ്ങളേയും ദൈവം പ്രോജ്ബലിപ്പിക്കട്ടെ. ഞാൻ ആദ്യം പറഞ്ഞത് പോലെ നാമെല്ലാം സമാധാനം പുലർന്നു കാണാൻ "അതിയായി ആഗ്രഹിക്കുന്നവരാണ്." അതിയായി ആഗ്രഹിക്കുന്നവർ എന്ന വാക്ക് ഞാൻ ബോധപൂർവ്വം തന്നെ ഉപയോഗിച്ചതാണ്. കാരണം അങ്ങനെയൊരാഗ്രഹം നമുക്കെല്ലാവർക്കുമുണ്ട്. പക്ഷേ, നമ്മിൽ ഭൂരിപക്ഷം പേർക്കും അതിനുള്ള പ്രായോഗിക നടപടികളിലേക്ക് ചുവടുവെക്കാൻ സാധിക്കുന്നില്ല. ഇവിടെ ചില പാർലമെൻറ് (ബ്രിട്ടീഷ്) അംഗങ്ങളുണ്ട്. അവരുടെ ശ്രമങ്ങൾ പോലും പൂർണ്ണമായും ഫലപ്രദമാകുമെന്ന് പറയാൻ സാധ്യമല്ല.

ലോകം ശാന്തിയുടെ ഗേഹമായി തീരാൻ നാം അഭിലഷിക്കുന്നുവെങ്കിലും അത്ര യോഗവത്ക്കരിക്കാൻ നാം അശക്തരാണ്. നമ്മുടെ ആഗ്രഹം അങ്ങനെയാണെങ്കിലും അതിന് പരിമിതികളേറെയുണ്ടെങ്കിലും ലോകത്തെ സമാധാനത്തിന്റെ പറുദീസയാക്കി മാറ്റാൻ തന്നെ നാം അഭിലഷിക്കുന്നു. സമാധാനം കൊണ്ടുവരിക എന്ന സംഗതി നമ്മുടെ നിയന്ത്രണത്തിലും പരിധിയിലും പെട്ടതല്ല. ചില ഭരണകൂടങ്ങളുടെ നയങ്ങൾ സമാധാനത്തിന് വേണ്ടി നമ്മെ പ്രചോദിപ്പിക്കാറുണ്ട്. സമാധാനത്തിനായുള്ള സർ ക്കാർ നയങ്ങളോടു ചിലർക്ക് വിയോജിപ്പാണെങ്കിലും അതിനോട് സഹകരിക്കാൻ അവർ നിർബന്ധിതരാണ്. അതുപോലെ പാർട്ടിയുടെ നയങ്ങളേയും അവർ അനുസരിക്കേണ്ടി വരുന്നു. ഇത്തരം സമീപനങ്ങളുടെ അഭിപ്രായഭേദങ്ങളുടെ പേരിൽ ഞാനാരെയും കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല.

സമാധാനത്തിന് വേണ്ടി ഹൃദയത്തിൽ സ്വച്ഛമായ ആഗ്രഹങ്ങളില്ലാത്തവർ ഇരട്ടതാപ്പുകാരാണ്. അവർ തങ്ങളുടെ താല്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നവരാണ്. അവരുടെ നന്മയിലുള്ള സഹകരണം, തങ്ങൾ എന്തെങ്കിലും നേട്ടം ലഭിക്കുന്നത് വരെയാണ്. ഇത്തരം സാഹചര്യത്തിനു അവർ ഒരുപക്ഷേ സഹകരിക്കുകയോ അല്ലെങ്കിൽ മാറിനിൽക്കുകയോ ചെയ്യും. പക്ഷേ, അവരുടെ താല്പര്യങ്ങൾക്കെതിരായി എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ അവ സംരക്ഷിക്കുന്നതിന് വേണ്ടി അവർ ഏതറ്റം വരെ വേണമെങ്കിലും പോകും. അവർ ഇതിനായി അന്യന്റെ അവകാശങ്ങളും, സമ്പത്തും കവരുന്നു. എല്ലാ രാജ്യത്തും എല്ലാ മതസ്ഥരിലും ഇത്തരക്കാരുണ്ട്. അത്തരം ആളുകൾ പടിഞ്ഞാറും കിഴക്കും വടക്കും തെക്കുമുണ്ട്. അവർ ക്രിസ്ത്യാനികളിലും മുസ്ലിംകളിലുമുണ്ട്. മറ്റെല്ലാ മതസ്ഥരിലുമു

ണ്ട്. മതമില്ലാത്തവരിലുമുണ്ട്.

സ്വാർത്ഥതയുടേയും ഭൗതികോന്മുഖതയുടേയും ഈ കാലഘട്ടത്തിൽ വ്യക്തിപരമായും സമൂഹപരമായ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളിൽ കൂടുതൽ അവർ ശ്രദ്ധിയ്ക്കുന്നു. സത്യം മറച്ചുവെച്ച് കൊണ്ടായാലും അവർ സ്വാർത്ഥതക്ക് പിന്നാലെ പോകുന്നു. ചില ആളുകൾ ഇതിനെ രാഷ്ട്രതാല്പര്യമാണെന്ന് പറയുന്നു. അന്താരാഷ്ട്രതലത്തിൽ ഇങ്ങനെ സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി രാജ്യങ്ങൾ തമ്മിൽ രാഷ്ട്രീയ സഖ്യത്തിലേർപ്പെടുന്നു. മറ്റു രാജ്യങ്ങൾക്കുമേൽ തങ്ങളുടെ താല്പര്യങ്ങൾക്ക് മുൻഗണന നൽകുമ്പോൾ നീതിയുടെ സന്തുലനം നഷ്ടപ്പെടുന്നു. ഈയൊരു പശ്ചാത്തലത്തിൽ രാജ്യത്തിന്റെ രാഷ്ട്രീയ താല്പര്യം സാമ്പത്തികവും ഭൗതികവുമായ താല്പര്യമായി മാറുന്നു. മനുഷ്യന്റെ സ്വാത്മബോധത്തിന്റേ (ഇഗോ)യും സ്വാർത്ഥതാല്പര്യങ്ങളുടേയും ഇത്തരം വിഷമവൃത്തത്തിൽ നിന്ന് അവർക്ക് രക്ഷപ്പെടാൻ സാധ്യമല്ല.

മനുഷ്യൻ സൃഷ്ടികളിൽവെച്ച് ഏറ്റവും ഉത്തമനാണ്. അവന്റെ ബുദ്ധിയും വിവേചനബോധവും മറ്റു ജീവികളിൽ നിന്ന് അവനെ വ്യത്യസ്തനാക്കുന്നു. ശാന്തമായ അവസരത്തിലും ക്ഷുഭിതാവസ്ഥയിലും മനുഷ്യന് ചിന്തിക്കാൻ ശേഷിയുണ്ട്. അവന്ന് വിവേകവും ബുദ്ധിയും ഉണ്ടായിരിക്കെ അന്യന്റെ വിഭവങ്ങൾ മൃഗങ്ങളെപോലെ അത്യാർത്തിയോടെ ഭക്ഷിക്കാൻ അവർ ഔത്സുക്യം കാട്ടുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ. മതങ്ങളെ കുറ്റപ്പെടുത്തുകയും ഒരു മതത്തിലും വിശ്വസിക്കുന്നില്ല എന്ന് പറയുകയും ചെയ്യുന്നവരും ഇത്തരത്തിൽ പെരുമാറുന്നു. ധാർമ്മികതയും സഹനവും മതങ്ങളാണ് പഠിപ്പിക്കുന്നത്. എന്നിരുന്നാൽ പോലും മതത്തെ കുറ്റപ്പെടുത്തുന്നവരാണ് അവർ.

ഞാൻ ഇവിടെ പരാമർശിക്കാനാഗ്രഹിക്കുന്നത് ഇസ്ലാമിനെ സംബന്ധിച്ചാണ്. സമകാലീന ലോകസാഹചര്യത്തിൽ ചില ഖുർആനികമായ അദ്ധ്യാപനങ്ങളെപ്പറ്റി ഞാൻ പറയാം. ഇസ്ലാം വിദ്വേഷത്തെ എല്ലാ അർത്ഥത്തിലും വിപാടനം ചെയ്യാൻ ആഗ്രഹിക്കുന്നു. വ്യക്തിപരമായ തലത്തിലോ അന്തർദ്ദേശീയ തലത്തിലോ ഏതൊരു പ്രശ്നമെടുത്ത് പരിശോധിച്ചാലും അതെല്ലാം ഉത്ഭവം കൊള്ളുന്നത് മനുഷ്യൻ സഹനം കൈവെടിയുമ്പോഴാണ്. അതിന്റെ ഫലമായി ഒരാൾ അപരനെതിരായി ദോഷൈദൃക്കായി മാറുന്നു. അതോടെ നല്ല ധാർമ്മികഗുണങ്ങളെല്ലാം തിന്മയായി മാറുന്നു. അപരന് ലഭിക്കേണ്ട അവകാശങ്ങൾ ഹനിക്കപ്പെടുകയും ചെയ്യുന്നു. ഇത് ഒഴിവാക്കാൻ ഖുർആൻ നമ്മോട് ഉപദേശിക്കുന്നതെന്താണ്.

*നിങ്ങൾ എന്തെങ്കിലും നന്മ നിങ്ങൾക്കായി മുൻകൂട്ടി ചെയ്തുവെക്കുന്നതായാൽ അല്ലാഹുവിങ്കൽ അത് നിങ്ങൾ കണ്ടെത്തുന്നതാണ് നിശ്ചയമായും നിങ്ങൾ ചെയ്യുന്നതെല്ലാം അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു.* (2:111)

എന്താണ് നിങ്ങൾ മുൻകൂട്ടി ചെയ്യുന്ന നന്മ. ഞാനത് വിവരിക്കാം.

*നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ ആക്രമിക്കപ്പെട്ടത് ഏത് അളവിലാണോ അതിന് തുല്യമായിക്കൊണ്ട് മാത്രം നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. എന്നാൽ, നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും നല്ലത് തന്നെ.* (16:127).

ക്ഷമ അഥവാ സഹനം എന്നത് ഏറ്റവും ഉദാത്തമായ ഒരു ധാർമിക ഗുണമാണ്. നമ്മുടെ വീക്ഷണത്തിൽ ക്ഷമാശീലമാണ് ഏറ്റവും പ്രാധാന്യമേറിയ ധാർമ്മിക ഗുണം. ഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു, അല്ലാഹു ക്ഷമാശീലരുടെ കൂടെയാണ് എന്ന്. സാധാരണയായി, ക്ഷമാഗുണത്തെ ലോകം ഒരു ഭീരുത്വമായാണ് കാണുന്നത്. പക്ഷേ മേലുദ്ധരിച്ച വചനത്തിൽ ക്ഷമാഗുണം യുദ്ധാവസരത്തിൽ പാലിക്കേണ്ട ഒരു മഹത്തായ തത്ത്വമായിട്ടാണ് ഉപദേശിക്കപ്പെട്ടിരിക്കുന്നത്. യുദ്ധവും ക്ഷമയും ഒരേ സമയം അനുവർത്തിക്കാൻ പറഞ്ഞത് വിചിത്രമായി തോന്നാം. കാരണം യുദ്ധാവസരത്തിൽ രക്തച്ചൊരിച്ചിൽ ന്യായമായി അനുവദിക്കപ്പെട്ടതാണ്. എങ്കിൽപിന്നെ എങ്ങനെ യുദ്ധവും ക്ഷമാഗുണവും സഹവർത്തിച്ചുപോ കും?

നാഗരികപ്രബുദ്ധമാണെന്ന് നാം ഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ ഏതാനും ദശകങ്ങൾക്ക് മുമ്പേ ഭീകരമായ രക്തചൊരിച്ചിൽ നടക്കുകയുണ്ടായി. ഒരു കണക്ക് പ്രകാരം രണ്ടാം ലോകമഹായുദ്ധകാലത്ത് 60 മുതൽ 70 വരെ ദശലക്ഷം ആളുകൾ കൊല്ലപ്പെട്ടു, അതിൽ 40 ദശലക്ഷം ആളുകൾ സിവിലിയൻ ജനങ്ങളായിരുന്നു. ചില രാജ്യനേതൃത്വങ്ങൾ ക്ഷമപാലിക്കുകയാണെങ്കിൽ ഈ ബീഭത്സമായ പാതകങ്ങൾ ഒഴിവാക്കാമായിരുന്നു. പക്ഷേ, മനുഷ്യൻ അത്യന്തം അക്ഷമനാണെന്ന് തെളിയിച്ചിക്കുന്നു. മനുഷ്യത്വത്തെ രക്തനിറം കൊണ്ട് പങ്കിലമാക്കിയ ആ കൊടുംക്രൂരതകൾ നാം കുറച്ച് കഴിയുമ്പോൾ മറക്കുകയാണ് ചെയ്യുന്നത്.

മനുഷ്യസമൂഹം പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. പക്ഷേ, ദുഃഖകരമെന്ന് പറയട്ടെ, ഭൂതകാലത്തിന്റെ പാഠങ്ങളിൽ നിന്ന് ഇക്കാലത്തെ മനുഷ്യർ ഒന്നും പഠിക്കുന്നില്ല. മുസ്ലിംങ്ങൾ പോലും സമാധാനം സ്ഥാപിക്കാനെന്ന വ്യാജേന രക്തമൊഴുക്കുകയാണ്. ഒരു വഴിക്ക

ല്ലെങ്കിൽ മറ്റൊരു വഴിക്ക് അവർ രക്തം ചിന്തുന്നു.

സർവ്വശക്തനായ അല്ലാഹു, ക്ഷമയും ധൈര്യവും നീതിയും പാലിച്ച് മനുഷ്യവംശത്തെ രക്ഷിക്കണമെന്ന് പറയുന്നു. അതായത് ശിക്ഷ എപ്പോഴും ചെയ്ത കുറ്റത്തിന് അനുസൃതമായിട്ടായിരിക്കണമെന്നാണ്. ഒരിക്കലും അതിരുകവിയരുത്. നിങ്ങളുടെ അവകാശം അന്യായമായി കവർന്നെടുക്കപ്പെടുകയോ നിങ്ങളുടെ അതിർത്തിക്കുള്ളിൽ അന്യായമായി ആക്രമണം നടത്തപ്പെടുകയോ നിങ്ങളുടെ സമ്പദ്ഘടന മറ്റുള്ളവരാൽ നിയന്ത്രിക്കപ്പെടുകയോ ചെയ്യുമ്പോൾ നിങ്ങൾ ക്ക് പ്രതിക്രിയ ചെയ്യാൻ അവകാശമുണ്ടെന്ന് ഖുർആൻ ഖണ്ഡിതമായി പറയുന്നു. അതിനായി നിങ്ങൾക്ക് നിങ്ങളുടെ സഖ്യകക്ഷികളുടെ സഹായം തേടാം.

ഖുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നു.

*'വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ടവയിലൊരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നത് വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. നീതിപാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു.* (49:19)

ഈ വചനത്തിൽ മുസ്‌ലിംകളാണ് സംബോധിതരെങ്കിലും ചെയ്യപ്പെട്ടതെങ്കിലും ലോകത്തിലെവിടെയുമുള്ള പീഡിതരെ സാർവ്വദേശീയമായി എല്ലാവരും സഹായിക്കണമെന്ന സുവർണ്ണ തത്ത്വം ഇതിൽ അടങ്ങിയിരിക്കുന്നു.

അവർ അക്രമിയെ അക്രമത്തിൽ നിന്ന് തടയേണ്ടതുണ്ട്. യുദ്ധം തീർന്നതിനുശേഷം അക്രമരാജ്യത്തിന്റെ സമ്പദ്ഘടനയുടെ നിയന്ത്രണം യാതൊരു സാഹചര്യത്തിലും ഏറ്റെടുക്കാൻ മറ്റുള്ളവർക്ക് അനുവാദമില്ല. ആ രാജ്യത്തിനുമേൽ യാതൊരു ഉപാധിയും കൊണ്ടുവരാൻ പാടില്ല. അക്രമം വീണ്ടും ആവർത്തിക്കുമെന്ന് ഭയപ്പെടുന്നുവെങ്കിൽ, അക്രമം വീണ്ടും നടത്തിയാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കുന്ന വിധത്തിലുള്ള നിബന്ധനകൾ വെക്കാവുന്നതാണ്. മനസ്സുവെക്കുകയാണെങ്കിൽ ഇന്ന് വലിയ രാജ്യങ്ങൾക്കും ചെറിയ രാജ്യങ്ങൾക്കും പ്രാവർത്തികമാക്കാവുന്ന തത്ത്വമാണിത്.

ഐക്യരാഷ്ട്രസഭയിൽ പോലും ചില രാജ്യങ്ങൾക്ക് വ്യക്തമായ ചില പ്രത്യേക ചേരിതിരിവുകളുണ്ട്. ഐ ക്യരാഷ്ട്രസഭ ഉന്നതമായ രീതിയിൽ നീതി നടപ്പാക്കാനാഗ്രഹിക്കുന്നുവെങ്കിൽ അവർ രാജ്യാന്തരീയമായി തുല്യനീതിയുടെ തത്ത്വത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷേ വികസിത രാജ്യങ്ങൾപോലും പലപ്പോഴും ഉപരോധങ്ങളുടെ ചങ്ങലയിൽ ബന്ധിക്കപ്പെടുന്നതായാണ് കാണുന്നത്.

ഉദാഹരണത്തിന് ജപ്പാനെ എടുക്കുക. രണ്ടാംലോക മഹായുദ്ധത്തിനുശേഷം വമ്പിച്ച പുരോഗതിയുണ്ടാക്കിയ രാജ്യമാണ് ജപ്പാൻ. ചില ജപ്പാൻകാരോട് ഞാൻ സംസാരിക്കുകയുണ്ടായി. അപ്പോൾ അവർ പ്രകടമായും വ്യംഗ്യമായും അവരുടെ വികാരങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. അതായത് അവർ സ്വതന്ത്രരാണ് പക്ഷേ, സമാധാനസ്ഥാപനത്തിനും സാമ്പത്തിക കാര്യങ്ങൾക്കും സ്വതന്ത്രമായി നയങ്ങൾ രൂപീകരിക്കാൻ ജപ്പാന് ചില തടസ്സങ്ങളുണ്ട്.

ഐക്യരാഷ്ട്രസഭ രൂപീകരിക്കപ്പെട്ടത് സമാധാനത്തിനുവേണ്ടിയാണ്. പക്ഷേ, ഒരു രാജ്യത്തും സമാധാനം സ്ഥാപിക്കപ്പെടാനുള്ള ശ്രമത്തിൽ ആ മഹത്തായ സ്ഥാപനത്തിന് പ്രതീക്ഷിച്ചയത്ര വിജയം നേടാൻ സാധിച്ചിട്ടില്ല. ഇതൊക്കെയാണ് ലോകം മറ്റൊരു മഹായുദ്ധത്തിലേക്ക് അതിവേഗം നീങ്ങുകയാണോ എന്ന് ചിന്തിക്കാൻ കാരണം.

അല്ലാഹു ഖുർആനിൽ പറയുന്നു, നീതിയുടെ ഉന്നതമായ തത്ത്വങ്ങൾ നടപ്പിലാക്കാൻ വഴക്കുകൾ സത്യസന്ധമായ രീതിയിൽ ഒത്തുതീർപ്പാക്കാനുള്ള ശ്രമങ്ങളുണ്ടാവണം. നീതിയെന്നാൽ കേവലനീതിയാണ്. അത് സംജാതമാവണമെങ്കിൽ യാതൊരുവിധത്തിലുള്ള കളങ്കങ്ങളുമില്ലാതെ നമ്മുടെ ഹൃദയം സംശുദ്ധമാവേണ്ടതുണ്ട്.

നാം സമകാലീന ലോകത്തെ അവലോകനം ചെയ്യുമ്പോൾ അത്തരത്തിലുള്ള നീതിപാലനം ഇന്നില്ല. ഇങ്ങനെ നീതിരാഹിത്യം ശത്രുതയായും പകയായും ആളികത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ അന്ത്യം അത്യധികം അപകടകരമായിരിക്കും. വിശുദ്ധ ഖുർആൻ പറയുന്നു.

'വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനു വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക; തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്! (5:9) (തുടരും.) ■

ലേഖനം

ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ് &
മാർഗരറ്റ് ലോയ്ഡ് ഡേവിസ്

# ക്രൂശീകരണം : ഉയിർത്തെഴുന്നേൽപ്പോ അബോധമുക്തിയോ?

**ബ്രിട്ടീഷ് രാജ്ഞി എലിസബത്തിന്റെ ഔദ്യോഗിക ഫിസിഷ്യനായിരുന്ന ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസും അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പണ്ഡിതയായ ഭാര്യയും ചേർന്ന് എഴുതിയതാണ് ഈ ലേഖനം. സുവിശേഷങ്ങളിലെ വിവരണത്തെ അടിസ്ഥാനമാക്കി ശരീരശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് ലേഖനത്തിൽ സമർത്ഥിക്കുന്നു**

യേശുവിന്റെ കുരിശു സംഭവത്തിന്റെ വൈദ്യശാസ്ത്രപരമായ വിശകലനം വളരെ ലളിതമാണ്. ഗതശമനയിലെ ഉത്ക്കണ്ഠാപൂർണ്ണമായ രാത്രിക്കുശേഷം യേശുവെ അറസ്റ്റ് ചെയ്യുകയും പീഡിപ്പിക്കുകയുമുണ്ടായി. മോശെയുടെ ന്യായപ്രമാണങ്ങളെ നിന്ദിച്ച കുറ്റത്തിന് യേശുവെ അവർ ബന്ധനസ്ഥനാക്കി, ക്ഷുഭിതരായ യഹൂദപരമാധികാര വൈദിക സഭക്ക് (സുനേദ്രം) മുന്നിൽ ഹാജരാക്കി. മരണശിക്ഷക്ക് വിധിക്കപ്പെട്ട യേശുവെ (വെള്ളിയാഴ്ച അസ്തമിക്കുന്നതിന് മുമ്പേ മരിച്ചിരിക്കണമെന്ന, സംഭവിക്കാൻ സാധ്യതയില്ലാത്ത ആവശ്യവുമായി) റോമൻ ന്യായാധിപനായിരുന്ന പിലാത്തോസിന് കൈമാറുകയും ചെയ്തു. ക്രി സ്തുവോടുള്ള ഒടുങ്ങാത്ത പക നിമിത്തമാണ് ജൂതവൈദികസഭ അദ്ദേഹത്തെ വധശിക്ഷക്ക് വിധിച്ചതെന്ന് പിലാത്തോസിന് നല്ല ബോധ്യമുണ്ടായിരുന്നു. ഹെരോദയുമായി ഇക്കാര്യം ചർച്ച ചെയ്തതായി ലൂക്കോസിന്റെ സുവിശേഷം സൂചിപ്പിക്കുന്നുണ്ട്. യേശുവെ മരണശിക്ഷയിൽ നിന്ന് രക്ഷിക്കുവാൻ പിലാത്തോസ് പരമാവധി രഹസ്യമായി പ്രവർത്തിച്ചു. പുറത്ത് തടിച്ചുകൂടിയ പുരുഷാരത്തോട് അഭിപ്രായമാരാഞ്ഞപ്പോൾ യേശുവെ വധിച്ചേ മതിയാകൂ എന്നവർ ആർത്ത് വിളിച്ചു. മറ്റെല്ലാ കുറ്റവാളികളേയും പോലെ യേശുവേയും അവർ പ്രഹരിച്ചു. ഇയ്യക്കഷണങ്ങളും ആടിന്റെ അസ്ഥികളും കൊണ്ട് അരിക് തുന്നിപ്പിടിപ്പിച്ച തുകൽ കൂട്ടിപ്പിരിച്ച ചമ്മട്ടിക്കൊണ്ട് അതിക്രൂരമായി യേശുവെ അവർ പ്രഹരിച്ചു. എത്ര പ്രഹരങ്ങൾ ഏറ്റ് വാങ്ങിയെന്ന് തിട്ടമില്ല.

പടയാളികൾ കൊല്ലത്തിലൊരിക്കൽ വാർഷികച്ചടങ്ങായി ഒത്തുകൂടി മദിച്ചുല്ലസിക്കുന്ന സൈനിക ചത്വരത്തിൽ അവർ യേശുവിനെ കൊണ്ടുപോയി. അവിടെ വെച്ച് യേശുവിന്റെ തലക്ക് മുളവടികൊണ്ട് പ്രഹരിച്ചു. പുതുതായി നിയമിക്കപ്പെടുന്ന ഭടന്മാർക്ക് അധികാരസൂചകമായ ചെങ്കോലിനെ അനുകരിച്ചുകൊണ്ട് നൽകുന്ന ഒരു കരുത്തേറ്റിയ ആയുധമാണ് ഈ മുളവടി. റോമൻ പട്ടാളക്കാരേക്കാളും മൃഗീയത കുറവായിരുന്നുവെങ്കിലും പിന്നീട് അവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് ദൃക്സാക്ഷികളുടെ അഭാവം കാരണം യാതൊരു രേഖകളും ലഭ്യമല്ല.

തീക്ഷ്ണമായ ആഘാതങ്ങൾ യേശുവിൽ മാനസിക നടുക്കത്തിന് ആരംഭം കുറിച്ചിരിക്കണം. അസഹ്യമായ വേദനയും നീറ്റലും നാഡീവ്യൂഹതലങ്ങളിൽ രക്തവാർച്ചയുണ്ടാക്കിയിരിക്കും. തൽഫലമായുണ്ടാകുന്ന ശാരീരികപ്രതികരണം ഹൃദയസ്പന്ദനമാന്ദ്യം ഉണ്ടാക്കിയിരിക്കും. ഹൃദയമിടിപ്പും നാഡിമിടിപ്പും മന്ദഗതിയിലായിട്ടുണ്ടാവും.

ശരീരത്തിന്റെ പിൻഭാഗത്തുള്ള മുറിവുകളിൽ നിന്ന് രക്തസ്രാവമുണ്ടായിരുന്നു. ശാരീരിക ശേഷി നില നിർത്തുവാനുള്ള ശരീരധർമ്മ പ്രവർത്തനങ്ങൾക്ക് വിചാരണമുറിയിൽ നില്ക്കവെ തലയിലേറ്റ കഠിനപ്രഹരം തടസ്സം സൃഷ്ടിച്ചിരിക്കണം.

ന്യായാധിപ മന്ദിരത്തിൽനിന്ന് ഏകദേശം 700 വാര ദൂരെ സ്ഥിതിചെയ്യുന്ന ഗൊൽഗോദ (തലയോട്ടിടം) എന്ന സ്ഥലം വരെ മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവും കുരിശിന്റെ കുറുകെയുള്ള മരത്തടി (പാറ്റിബുലം - Patibulam) ചുമക്കേണ്ടിവന്നു. കാതൽ കൊണ്ട് ഉണ്ടാക്കിയ ഈ മരത്തടിക്ക് (7'x6x4) 40 റാത്തൽ (18 Kg) തൂക്കം വരും. ഇത് ചുമക്കാൻ യേശു തികച്ചും അശക്തനായിരുന്നു.

ഗൊൽഗോദയിൽ വെച്ച്, നിലത്ത് കിടത്തി പാറ്റിബുലത്തിൽ യേശുവിന്റെ കൈകുഴക്ക് (wrist) അല്പം മുകളിലായി ആണിയടിക്കപ്പെട്ടു. കണംകയ്യിലെ മദ്ധ്യനാഡിക്ക് ക്ഷതമേറ്റിരിക്കാൻ തരമില്ല. പിന്നീട് കുരിശ് ഏച്ചുകൂട്ടാനായി പാറ്റിബുലും യേശുവോടൊപ്പം ഉയർത്തി കുരിശിന്റെ ലംബത്തിലുള്ള ഏപ്പിൽ കൊള്ളിച്ച് കുത്തനെ നിർത്തി. യേശുവിന്റെ പൃഷ്ട ഭാഗം മരത്തടിയിൽ മുമ്പോട്ട് തള്ളിനിൽക്കുന്ന കമ്പിൻ കഷണത്തിൽ തങ്ങിനിന്നു. കാൽമുട്ടുകൾ പാർശ്വങ്ങളിലേക്ക് വളച്ച് കാലിന്റെ ഉള്ളിലെ അസ്ഥിക്കും (Tibia) കണങ്കാലിൽ മാംസപേശിയുമായി ബന്ധിക്കുന്ന സ്നായുവിനുമിടക്ക് ആണിയടിച്ചിറക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് അടുത്ത് നില്ക്കുന്നവരിൽനിന്ന് (ശിരസ്സുയർത്താൻ സാധിച്ചാൽ സംസാരിക്കത്തക്കവിധം) 18 ഇഞ്ച് ഉയരത്തിൽ സ്ഥിതിചെയ്തിരുന്നു.

യേശുവെ ക്രൂശിച്ചത് ഒരു വെള്ളിയാഴ്ചയാണ്. അല്പസമയം കഴിഞ്ഞ് (മൂന്ന് മണിക്കൂറിന് ശേഷം) സൂര്യഗ്രഹണമുണ്ടായി. ഇതിന് ശേഷം വീണ്ടും മൂന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ യേശു മഹാശബ്ദത്തോടെ നിലവിളിച്ചു. (ഈ നിലവിളി പലവിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്). അടുത്തു നില്ക്കുന്നവർ അദ്ദേഹം മരിച്ചുവെന്ന് ഉറപ്പിച്ചു. മൂന്നോ നാലോ ദിവസം കുരിശിൽ നരകവേദനയനുഭവിച്ചശേഷം തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ ശ്വസിക്കുവാനുള്ള പ്രയാസം കാരണമായാണ് സാധാരണഗതിയിൽ ക്രൂശിക്കപ്പെട്ട ആൾ മരിക്കുക. അനുഭവസമ്പന്നനായ പിലാത്തോസ് ക്രിസ്തുവെ കുരിശിൽ നിന്ന് ഇറക്കുന്നതിന് മുമ്പേ അദ്ദേഹം മരിച്ചിരിക്കുമോ എന്നറിയുന്നതിന് വേണ്ടി അന്വേഷണങ്ങൾ നടത്തിയിരിക്കും. പിലാത്തോസിന്റെ ഔദ്യോഗികവസതിയിൽ നിന്ന് തലയോടിടം വരെയുള്ള ദൂരം കണക്കിലെടുക്കുമ്പോൾ യേശുവെ കുരിശിൽ നിന്ന് താഴെ ഇറക്കുന്നതിനുള്ള അനുമതി ലഭിക്കുന്നിന് ഒന്നിലധികം മണിക്കൂർ ആവശ്യമായി വരും. ക്രിസ്തുവിനെ കുരിശിൽ നിന്ന് ഇറക്കിയതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ കഥയിൽ എവിടെയും പ്രതിപാദിച്ച് കാണുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയാണ്. നാല് സുവിശേഷകരിൽ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ യേശുവിന്റെ പാർശ്വങ്ങളിൽ കുന്തംകൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുളിച്ചുവന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. അത് ശരിയായിരുന്നുവെങ്കിൽ, കൊരടാവ് കൊണ്ട് പ്രഹരിക്കപ്പെട്ടപ്പോൾ യേശുവിന്റെ ചർമ്മത്തിൽ പൊങ്ങിവന്ന പൊക്കിളകൾ പടയാളികളിൽ ഒരുത്തൻ നേരം പോക്കിന് വേണ്ടി കുത്തിപ്പൊട്ടിച്ചതാവാനെ തരമുള്ളൂ. (യോഹന്നാന്റെ സുവിശേഷങ്ങളുടെ വൈദ്യശാസ്ത്രപരമായ വിശ്വാസ്യത ലാസറുടെ കുഷ്ഠരോഗ കഥകൾ പോലെ പല കാരണങ്ങൾ കൊണ്ടും സംശയിക്കപ്പെടേണ്ടിയിരിക്കുന്നു.)

AD 185-224-ൽ ജീവിച്ചിരുന്ന ഒറിഗൺ, രക്തവും വെള്ളവും സ്രവിച്ചുവെങ്കിലും ക്രിസ്തു മരിച്ചിരുന്നുവെന്ന വിശ്വാസക്കാരനായിരുന്നു. എങ്കിലും മൃതശരീരത്തിൽ നിന്ന് ഒരിക്കലും രക്തസ്രാവമുണ്ടാവുകയില്ലെന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറയുന്നുണ്ട്. അതിയായ അവശതയും തളർച്ചയും ക്ഷീണവും കാരണം യേശു ഹൃദയം പൊട്ടിയാണ് മരിച്ചതെന്ന് ആദ്യമായി പറഞ്ഞത് (1874-ൽ) 'സ്ട്രോസ്' ആയിരുന്നു. അതുവരെ ആരും യേശുവിന്റെ മരണകാരണം സ്ഥാപിക്കുവാൻ പരിശ്രമിച്ചിരുന്നില്ല. അതേ സമയം ക്രിസ്തു തന്റെ ആത്മാവ് സ്വയം കൈവെടിഞ്ഞതാണോ എന്നും അനുഭാവപൂർവ്വം അദ്ദേഹം പഠനം നടത്തുകയുണ്ടായി. 1887ൽ 'റിസ്ഡൻ ബന്നറ്റ്' ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം വിലാപ്പുറത്ത് കുന്തം കൊണ്ട് കുത്തിയതിന്റെ ഫലമായുണ്ടായ കഠിനമായ മാനസിക വ്യഥ മൂർദ്ധന്യാവസ്ഥയിലെത്തുകയും അതുമൂലമുണ്ടായ ഹൃദയത്തകർച്ച കാരണം യേശുവിന് മരണം സംഭവിച്ചുവെന്നുമാണ് സമർത്ഥിക്കുന്നത്. കെമറോണും റെൻഡലും കഠിനമായ നടുക്കവും ഭീതിയും കാരണം യേശുവിന് അതിയായ വയറ് സ്തംഭനം അനുഭവപ്പെട്ടിരുന്നുവെന്ന് വിശ്വസിച്ചിരുന്നു. കെമറോണിന്റെ കാഴ്ചപ്പാടിൽ വിധിനിർണ്ണായകഘടകവും അത് തന്നെയായിരുന്നു. യോഹന്നാന്റെ മൂല സുവിശേഷത്തിൽ ധ്വനിപ്പിക്കുന്നതിനേക്കാൾ വലിയ അർത്ഥമാണ് രക്തത്തിനും വെള്ളത്തിനും റെൻഡൽ ഷോർട്ട് കല്പിക്കുന്നത്. ഹൃദയത്തിനേറ്റ മുറിവ് കാരണമാണ് മരണമുണ്ടായതെന്ന് സ്ട്രോഡിന്റെ കാഴ്ചപ്പാട് ദൈവശാസ്ത്രപരമായ കാരണങ്ങളാൽ റെൻഡൽ ഷോർട്ട് തള്ളിക്കളയുകയാണുണ്ടായത്. യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ലെന്നും ശാരീരിക പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ച അവസ്ഥയിൽ, മരിച്ചതായി തോന്നിയതാണെന്നും

അരിമതൃയിലെ യോസഫ് ആസൂത്രണം ചെയ്തത് പോലെ സുബോധത്തിലേക്ക് വന്നു എന്നുമാണ് പ്രിംറോസ് അഭിപ്രായപ്പെടുന്നത്. യേശുവിന്റെ വയറ്റത്തും നെഞ്ചി ലും പ്രഹരമേറ്റിരുന്നുവെന്ന തെറ്റുധാരണമൂലം വയറ്റിൽ നിന്നായിരുന്നു ജലം പുറത്ത് വന്നതെന്നായിരുന്നു പ്രിംറോസ് ധരിച്ചിരുന്നത്. അസംഭാവ്യമെന്ന് തോന്നിക്കുന്ന ഈ കാഴ്ചപ്പാടിനെ വിൽക്കിൻസൺ എതിർക്കുന്നു. യേശുവിന്റെ അകാലമരണത്തെ വിശദീകരിക്കേണ്ട ആവശ്യകതയെ വിൽക്കിൻസൺ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതേസമയം സുവിശേഷകന്മാർ യേശുവിന് സംഭവിച്ചതായി കരുതുന്ന മരണത്തെക്കുറിച്ച് വർണ്ണിക്കാനുപയോഗിച്ച ഗ്രീക്ക് ക്രിയാ പദങ്ങൾ (Greek Verbs) യേശുവിന്റെ സ്വമേധയാലുള്ള ആത്മത്യാഗമാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹത്തിന്റെ അതിശബ്ദത്തിലുള്ള നിലവിളി ആത്മപരിത്യാഗ സമയത്തുണ്ടായതാകണമെന്നുമാണ് വിൽക്കിൻസൺ അഭിപ്രായപ്പെടുന്നത്. 1986-ൽ എഡ്വേർഡും കൂട്ടുകാരും പ്രസിദ്ധീകരിച്ച, കുരിശിൽ തറക്കലിനെ സംബന്ധിച്ച രോഗനിദാന ശാസ്ത്രാടിസ്ഥാനത്തിലുള്ള രംഗാവതരണ ചിത്രീകരണങ്ങളോട് കൂടിയ പ്രബന്ധത്തിൽ യേശുവിന്റെ മഹാശബ്ദത്തോടെയുള്ള കരച്ചിൽ ആകസ്മിക വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നുവെന്നാണ് വിലയിരുത്തുന്നത്. ധമനികളിൽ രക്തം കട്ട പിടിച്ചതോ ഹൃദയത്തിന്റെ താഴ്പ്പിഴയോ ആയിരുന്നു മരണഹേതു എന്നാണ് അവർ കരുതുന്നത്. ഗുരുതരമായ ശക്തിക്ഷയവും കഠിനമായ നടുക്കവും കാരണമായുണ്ടായ നാഡിസങ്കോചമടക്കമുള്ള ബഹുവിധ കാരണങ്ങൾ എല്ലാം കൂടിയാണ് മരണം സംഭവിക്കാൻ കാരണമെന്ന് സൂചിപ്പിക്കുന്നുവെങ്കിലും അത് കൊണ്ട് തന്നെയാണെന്ന് അവർ ഉറപ്പിച്ചുപറയുന്നില്ല. സചിത്രവർണ്ണനകളിൽ ഒന്ന് നെഞ്ചിലൂടെ കുന്തമുന കടന്ന് പോവാനിടയുള്ള മാർഗ്ഗം വിശദീകരിക്കുന്നതാണ്. ഒരിക്കലും നടന്നിട്ടില്ലാത്ത ഒരു സംഭവത്തെക്കുറിച്ച് വിശ്വസിപ്പിക്കുവാൻ മാത്രമെ നിർഭാഗ്യവശാൽ ഇത് ഉപകരിക്കുകയുള്ളൂ.

### അനുമാനം (Hypothesis)

കൂടെയുണ്ടായിരുന്ന മറ്റെല്ലാ കുറ്റവാളികളും പ്രഹരിക്കപ്പെട്ടിരുന്നു. അവരാരും തന്നെ കുരിശിന്റെ പാറ്റിബുലം വഹിക്കാനാവാത്തവിധം പരവശരായിരുന്നില്ല. വിചാരണ മുറിയിൽ വെച്ച് ദേഹത്തും ശിരസ്സിലുമേറ്റ ലഭിച്ച കനത്ത പ്രഹരങ്ങൾ യേശുവെ അതീവ ക്ഷീണനാക്കിയിരിക്കണമെന്നും അത് കാരണം മറ്റ് കുറ്റവാളികളെപ്പോലെ പാറ്റിബുലം വഹിപ്പാൻ കഴിഞ്ഞില്ലെന്നുമാണ് ഒരു പ്രബലമായ അനുമാനം. കുരിശിൽ വെച്ചുണ്ടായ പെട്ടെന്നുള്ള മോഹാലസ്യത്തിന് തലക്കേറ്റ പ്രഹരവും കാരണമായിട്ടുണ്ടാവാം. കുരിശിലേറ്റപ്പെട്ടപ്പോൾ യേശുവിനുണ്ടായ നടുക്കവും താഴ്ന്ന രക്തസമ്മർദ്ദവും തലച്ചോറിലേക്കുള്ള രക്തപ്രവാഹം കുറയ്ക്കുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കുകയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാര നിറവും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചിരിക്കാം. അടുത്ത് നിൽക്കുന്നവർ തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ച് കാണും. മോഹാലസ്യത്തിന് തൊട്ടുമുമ്പേയുള്ള ഉച്ചത്തിലുള്ള നിലവിളി, (എന്താണ് പറയാൻ ശ്രമിച്ചതെന്ന് ആർക്കും യാതൊരു നിശ്ചയവുമില്ല) ശബ്ദത്തോട് കൂടിയ ശ്വസനമല്ലാതെ മറ്റൊന്നുമായിരിക്കില്ല. കുരിശിൽ നിന്നിറക്കി താഴെ കിടത്തിയ ശേഷം രക്തചംക്രമണം പൂർവ്വസ്ഥിതി പ്രാപിക്കുന്നത് വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം പരമാവധി തുച്ഛവും എന്നാൽ, നിർണായക പരിധിയേക്കാൾ അല്പം അധികവുമായിരുന്നിരിക്കണം. സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പ് രക്തസമ്മർദ്ദം നിലനിർത്താൻ ഉതകിയിരിക്കണം.

യേശുവിൽ ജീവലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ശബത്ത് നാളായത് കാരണം ശവസംസ്കാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവക്കുഴിയിൽ അടക്കം ചെയ്യുന്നതിന് പകരം കൊണ്ട് പോയി കല്ലറയിൽ വെച്ചത് ശുശ്രൂഷിച്ച് പരിചരിക്കാൻ വേണ്ടിയായിരുന്നു.

യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷപ്പെടൽ യാഥാർത്ഥ്യമായിരുന്നാലും മിഥ്യയായിരുന്നാലും ഉയിർത്തെഴുന്നേൽപ്പിനോ പുനർജ്ജീവിക്കലിനോ മതിയായ തെളിവാകുന്നില്ല. സംശയാസ്പദമായ സ്വർഗ്ഗാരോഹണം ഒഴിച്ച് നിർത്തിയാൽ, ആരും അദ്ദേഹത്തെ കണ്ടിട്ടില്ല. യേശുവിന്റെ സാങ്കല്പിക മരണാനന്തരം ശിഷ്യന്മാരും സ്ത്രീകളും ദിവസങ്ങളോളം, ആഴ്ചകളോളം, അതിനോട് ഒരുവിധത്തിലും വൈകാരികമായി പൊരുത്തപ്പെടാൻ കഴിയാത്തവിധം ശക്തമായ മാനസിക സമ്മർദ്ദാവസ്ഥയിലായിരുന്നു.

അദ്ദേഹത്തിന്റെ അനുയായികൾ കടുത്ത മാനസിക സംഘട്ടനങ്ങളുടെ ഫലമായുണ്ടാവുന്ന പ്രേരണാവിധേയത്വത്തിനു (ഒരേ സമയത്ത് നടക്കുന്ന രണ്ട് മാനസിക സംഘട്ടനങ്ങളുടെ ഫലമായി അവയിലൊന്ന് നിരോധിക്കപ്പെടുന്ന അവസ്ഥ) വിധേയമായിക്കഴിയുന്ന സന്ദർഭമായിരുന്നു അത്. യുദ്ധശേഷമുണ്ടാകുന്ന

*(ശേഷം 17-ൽ)*

ലേഖനം

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

# മതസ്വാതന്ത്ര്യം

**മതസ്വാതന്ത്ര്യം സംബന്ധമായി അന്താരാഷ്ട്ര മനുഷ്യാവകാശപ്രഖ്യാപനവും സെക്കുലർ ജനാധിപത്യ പ്രമാണങ്ങളും അനുവദിക്കുന്ന എല്ലാ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും ഇസ്‌ലാമും അനുവദിക്കുന്നു.**

*ചിന്ത, മനഃസാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനും തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ കർമ്മത്തിലൂടെയോ ആരാധനയിലൂടെയോ ആചരണങ്ങളിലൂടെയോ തന്റെ മതമോ വി ശ്വാസമോ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഇതിലുൾപ്പെടുന്നു.*

*അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായപ്രകടനസ്വാതന്ത്ര്യവും ഓരോരുത്തന്നുമുണ്ട്. അന്യരുടെ ഇടപെടൽ കൂടാതെ സ്വന്തമായ അഭിപ്രായങ്ങൾ വെച്ചുപുലർത്താനും, ഏത് ഉപാധിയിലൂടെയും രാജ്യാതിർത്തികളെ വകവെക്കാതെ അറിവുകളും ആശയങ്ങളും ആരായുവാനും സ്വായത്തമാക്കുവാനും പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യവും ഈ അവകാശത്തിൽ ഉൾപ്പെടുന്നു. (അന്താരാഷ്ട്രാ മനുഷ്യാവകാശപ്രഖ്യാപനം. ഖണ്ഡിക 18, 19)*

മതം മാറുവാനും പ്രബോധനം, ആചരണം, ആരാധന, അനുഷ്ഠാനം എന്നിവയിലൂടെ അത് പുറമെ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യങ്ങൾ ഉൾപ്പെടെ മതസ്വാതന്ത്ര്യവും, ചിന്ത, മനഃസാക്ഷി എന്നിവയിലുള്ള സ്വാതന്ത്ര്യവും, രാജ്യാതിർത്തികൾ വകവെക്കാതെ ഏത് ഉപാധികളിലൂടെയും അറിവുകളും ആശയങ്ങളും തേടുവാനും നേടുവാനും പ്രചരിപ്പിക്കാനുമുള്ള സ്വാ തന്ത്ര്യങ്ങളും പരിരക്ഷിക്കുന്നത് സംബന്ധിച്ച ഖണ്ഡികകളാണിവ.

അടിസ്ഥാനവീക്ഷണത്തിൽ എല്ലാ ഓരോ മതത്തിനും മിഷണറി സ്വഭാവമുണ്ട്. മതം ഒരു വ്യക്തിയിൽ നിന്ന് ആരംഭിച്ച് അതിന്റെ സത്യവും അത് മുന്നോട്ടുവെക്കുന്ന മൂല്യങ്ങളുടെ ഗുണകാരിത്വവും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനും അവരെ ബോധ്യപ്പെടുത്താനുമാണ് ശ്രമിക്കുന്നത്. ആകയാൽ, മതം മാറുവാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെ മനഃസാക്ഷി സ്വാതന്ത്ര്യത്തിനും മനഃസാക്ഷി സ്വാതന്ത്ര്യത്തെ തുടർന്നുണ്ടാകുന്ന മറ്റെല്ലാ സ്വാതന്ത്ര്യങ്ങൾക്കും വേണ്ടി മതം നിലകൊള്ളേണ്ടതാണ്. അല്ലാത്ത പക്ഷം മതം അതിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള മാർഗ്ഗത്തിൽ തടസ്സങ്ങൾ വലിച്ചിടുകയാവും.

ചില മതങ്ങൾ, അവയുടെ സമൂഹത്തിൽ മറ്റുള്ളവരെ ഉൾപ്പെടുത്തുന്നകാര്യത്തിൽ ദേശീയവും ജാതീയവുമായ ചില പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ സന്ദേശം സാർവ്വത്രികമായിട്ടുള്ളതാണ്. ആകയാൽ അത്തരം പരിധികളെ അത് പൊറുപ്പിക്കുകയില്ല. ഉപരിപ്രസ്താവിച്ച സ്വാതന്ത്ര്യങ്ങളെ ഇസ്‌ലാം അസന്ദിഗ്ദ്ധമായും അർത്ഥശങ്കക്കിടം നല്കാത്ത വിധത്തിലും അംഗീകരിച്ചിരിക്കുകയാണ്. മറ്റെല്ലാ മതങ്ങളെയും പോലെ, സത്യത്തിൽ അധിഷ്ഠിതമെന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് ഇസ്‌ലാം മതവും അതുൽഘോഷിക്കുന്ന മൂല്യങ്ങളെ നിഷേധിക്കുകയോ നിസ്സാരമാക്കുകയോ ചെയ്യുന്നതിന്റെ അനന്തരഫലങ്ങളെ കുറിച്ച് നിരന്തരമായും ആവർത്തിച്ചാവർത്തിച്ചും താക്കീത് ചെയ്യുകയും ചെയ്യുന്നു. എന്നാൽ, ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്ന് തീരുമാനിക്കാനുള്ള പരിപൂർണ്ണമായ അവകാശം ഓരോരുത്തനും വിട്ടുകൊടുക്കുകയാണ് അത് ചെ യ്യുന്നത്. വിശ്വാസം എന്ന് പറയുന്നത് ഓരോ ആളുടെയും മനഃസാക്ഷിയുമായി ബന്ധപ്പെട്ട കാര്യമാണ്. മനഃസാക്ഷിയെ ഒരു പ്രകാരത്തിലും

നിർബ്ബന്ധിക്കാൻ പാടില്ല. ഒരു കാര്യത്തിൽ വിശ്വസിക്കുന്നു എന്ന് ഒരാളെക്കൊണ്ട് നിർബ്ബന്ധിച്ച് പറയിക്കാൻ മറ്റൊരാൾക്ക് കഴിഞ്ഞേക്കാം. എന്നാൽ, ഒരാളെ ഒരു കാര്യത്തിലും നിർബ്ബന്ധിച്ച് വിശ്വസിപ്പിക്കുവാൻ ഒരുപ്രകാരത്തിലും ആർക്കും സാധ്യമല്ല. ഖുർആൻ ഈ സത്യത്തെ പ്രഖ്യാപിച്ചിട്ടുള്ളത് ഇങ്ങനെയാണ്. “മതത്തിൽ യാതൊരു നിർബ്ബന്ധവും പാടില്ല. നിശ്ചയമായും സന്മാർഗ്ഗം വഴികേടിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്. പാപികളാൽ നയിക്കപ്പെടാൻ കൂട്ടാക്കാതിരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവൻ നിശ്ചയമായും പൊട്ടിത്തകരാത്ത ബലമായ ഒരു പിടിയിൽ തന്നെയാണ് പിടിത്തമുറപ്പിച്ചിട്ടുള്ളത്. അല്ലാഹു ഏറ്റം കേൾക്കുന്നവനും അറിയുന്നവനുമത്രെ” (2:257).

“പറയുക, ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ” (18:30)

ഒരാളെ വിശ്വസിപ്പിക്കുക എന്ന കാര്യം സർവ്വശക്തനായ അല്ലാഹുവിന്റെ മാത്രം കഴിവിൽ പ്പെട്ടതാണെന്നും എന്നാൽ, അല്ലാ ഹു ആരെയും വിശ്വസിക്കാൻ നിർബ്ബന്ധിക്കുന്നില്ലെന്നും ഖുർആൻ വിവരിച്ചുതരുന്നു. യുക്തിയും വിവേചനാശക്തിയും ഉപയോഗിച്ചുകൊള്ളുവാൻ ഓരോരുത്തനെയും അതനുവദിച്ചിരിക്കുകയാണ്. ആരും തന്നെ ആളുകളെ വിശ്വസിപ്പിക്കുന്നതിന് ബലം പ്രയോഗിക്കാൻ പാടില്ലെന്നു തന്നെയാണ് ഇതുകൊണ്ട് സിദ്ധിക്കുന്നത്. “നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ, നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിച്ചിരിക്കുമായിരുന്നു. എന്നിരിക്കെ, അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?” (10:100).

“പറയുക, അല്ലയോ ജനങ്ങളേ! നിങ്ങളുടെ നാഥനിൽനിന്ന് ഇപ്പോഴിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ, ആർ സന്മാർഗ്ഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന്നു വേണ്ടി മാത്രം; ആർ വഴിതെറ്റുന്നുവോ, അത് അതിന്റെ നഷ്ടത്തിലേക്കും. ഞാൻ നിങ്ങളുടെമേൽ ഒരു സൂ ക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെടുത്തപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധി കല്പിക്കുന്നതുവരെ ഉറച്ചുനില്ക്കുകയും ചെയ്യുക. അവൻ വി ധികർത്താക്കളിൽ ഉത്തമനത്രെ.” (10:109–110).

“നിശ്ചയമായും, മനുഷ്യവംശത്തിന്റെ ഗുണത്തിനായി നാം നിനക്ക് ഗ്രന്ഥത്തെ വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ആർ, സന്മാർഗ്ഗത്തെ പിന്തുടരുന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മയ്ക്കായി മാത്രം. വഴിതെറ്റുന്നവനാരോ അവൻ അതിന്റേതായ നാശത്തിലേക്കും. അവരുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നീ നിയോഗിക്കപ്പെട്ടിട്ടില്ല” (39:42).

വിശ്വാസവും അവിശ്വാസവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും, സൽകൃത്യങ്ങളുടെയും ദുഷ്ചെയ്തികളുടെയും ധാർമ്മികവും ആധ്യാത്മികവുമായ അനന്തരഫലങ്ങളെക്കുറിച്ചും ഖുർആൻ ആവർത്തിച്ച് പറയുന്നുണ്ട്. എന്നാൽ, മനഃസാക്ഷിയുടെ മേൽ ബലം പ്രയോഗിക്കുകയോ നിർബ്ബന്ധം ചെലുത്തുകയോ ചെയ്യാമെന്നതിലേക്ക് നേരിയൊരു സൂചന പോലും കാ ണപ്പെടുന്നില്ല. ‘അന്ധനും കാഴ്ചയുള്ളവനും തുല്യരല്ല; വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നവർക്ക് ദുർമാർഗ്ഗത്തിൽ ചരിക്കുന്നവരുമായും സാ മ്യമില്ല. എത്ര തുച്ഛമായാണ് നിങ്ങൾ ചിന്തിക്കുന്നത്!” (40:59)

“കുരുടരും കാഴ്ചയുള്ളവരും തുല്യരല്ല; ഇരുട്ടും വെളിച്ചവും ഒന്നല്ല; തണലും വെയിലും സമമല്ല. ആത്മീയമായി ജീവനുള്ളവനും ആത്മീയമായി മരിച്ചവനും ഒരുപോലെയല്ല. അല്ലാഹു ഇച്ഛിക്കുന്നവനെ അവൻ കേൾപ്പിക്കുമാറാക്കുന്നു. ശവക്കുഴികളിലുള്ളവരെ കേൾപ്പിക്കുവാൻ നിനക്ക് സാധ്യമല്ല. നീ ഒരു താക്കീതുകാരൻ മാത്രം” (35:20–24).

“വിശ്വസിക്കുകയും സൽ ക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെ, ഭൂമിയിൽ അഴിമതി നടത്തുന്നവർക്ക് തുല്യം നാമാക്കുമോ? നിനക്ക് നാം അവതരിപ്പിച്ച അനുഗ്രഹപൂർണ്ണമായ ഗ്രന്ഥമത്രെ ഇത്; അതിലെ സൂക്തങ്ങളെക്കുറിച്ച് അവർ വിചിന്തനം ചെയ്യുന്നതിനും ബുദ്ധിമാന്മാർ ശ്രദ്ധിക്കുന്നതിനും വേ ണ്ടി” (38:29–30).

“ആകയാൽ, നമ്മെ സ്മരിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് മുഖം തിരിക്കുകയും ഇഹലോകജീവിതം മാത്രം ലക്ഷ്യമാക്കുകയും ചെയ്യുന്നവരിൽ നിന്ന് നീ പിന്തിരിഞ്ഞുകൊൾക. അവരുടെ അറിവിന്റെ പരമസീമ അത് മാത്രമാണ്. നിശ്ചയമായും നിന്റെ നാഥൻ നല്ലവണ്ണമറിയുന്നു. അവന്റെ മാർഗ്ഗത്തിൽ നിന്ന് ആർ വ്യതിചലിക്കുന്നുവെ ന്നും നേർവഴി പ്രാപിച്ചവനാരെന്നും അവൻ നന്നായറിയുന്നു. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിന് ഉടമപ്പെട്ടവയത്രെ. തിന്മ ചെയ്യുന്നവർക്ക് ഏറ്റവും നല്ലതായിട്ടുള്ള പ്രതിഫലം അവൻ നല്കുന്നതിനും തന്നെ” (53:30–32). ■

മഹ്മൂദ്, കൽക്കുളം

ലേഖനം

# വാർഷികജൽസ: ഒരു ആത്മീയസംഗമവേദി

## ഖാദിയാനിൽ ഡിസംബർ 26, 27, 28 തിയ്യതികളിൽ നടക്കുന്ന വാർഷിക ജൽസയുടെ പ്രാധാന്യത്തെക്കുറിച്ച് ലേഖകൻ വിവരിക്കുന്നു

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേന്ദ്ര വാർഷിക സമ്മേളനം സമാഗതമാകുകയാണ്. ഡിസംബർ 26, 27, 28 തിയ്യതികളിൽ ഖാദിയാനിൽ വെച്ചാണ് ഈ അനുഗൃഹീത ആത്മീയ സംഗമം നടക്കുന്നത്. വിശ്വാസികളുടെ ആത്മസംസ്ക്കരണത്തിനുള്ള ഒരു മാർഗമെന്ന നിലയിൽ ഇന്നേക്ക് ഒരു നൂറ്റാണ്ട് മുമ്പേ 1891-ൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആണ് ദൈവേച്ഛപ്രകാരം ഈ ആത്മീയ സംഗമത്തിന് അടിത്തറ പാകിയത്. തികച്ചും ആത്മീയാധിഷ്ഠിത ലക്ഷ്യത്തെ മുൻനിറുത്തി രൂപം നല്കിയ ഈ ആത്മീയ സംഗമം പ്രതിവർഷം നടന്നുവരുന്നു. ജൽസ സാലാനയുടെ മഹത്തായ ലക്ഷ്യത്തെസ്സംബന്ധിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഇങ്ങനെ വിവരിച്ചു: “ഈ വിനീതന്റെ കൈയ്യിൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാ നല്ല ആളുകളും അറിഞ്ഞിരിക്കേണ്ടതാണ് ബൈഅത്ത് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികലോകത്തോടുള്ള ആസക്തി കുറയുകയും പരലോകയാത്ര വെറുപ്പുള്ളതല്ലാതാകുന്ന ഒരവസ്ഥ സംജാതമാകുകയും ചെയ്യുക എന്നതാണ്.” അതായത് ലൗകീകരായ ആളുകൾ മരണത്തെ ഭയപ്പെടുന്നതുപോലെ ഭയപ്പെടാതിരിക്കുകയും പാരത്രിക ലോകത്തെ സം ബന്ധിച്ച് പ്രത്യാശയും നിർഭയത്വവും ഉടലെടുക്കുമാറാകുംവിധം ജീവിതത്തെ ഉൽകൃഷ്ടമാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതിന്റെ ആത്യന്തികലക്ഷ്യം. തുടർന്നു അദ്ദേഹം പറയുന്നു: “പക്ഷെ, ഈ ഉദ്ദേശ്യസാഫല്യത്തിന് എന്റെ കൂടെ താമസിക്കേണ്ടതും ധനത്തിന്റെ ഒരു ഭാഗം ഈ വഴിയിൽ ചെലവഴിക്കേണ്ടതും നിർബന്ധമാണ്. എന്നാൽ, അനാരോഗ്യം നിമിത്തവും കഴിവില്ലായ്മകൊണ്ടും ഓരോരുത്തർക്കും ഇവിടെ വന്ന് താമസിക്കുവാനോ അല്ലെങ്കിൽ വർഷത്തിൽ ഏതാനും നാൾ ബുദ്ധിമുട്ട് സഹിച്ചുകൂടിക്കാഴ്ച നടത്താനോ സാധിച്ചെന്ന് വരില്ല. കാരണം മിക്കവർക്കും വലിയ വലിയ പ്രയാസങ്ങൾ താണ്ടിയും ബുദ്ധിമുട്ടുകൾ സഹിച്ചും കൂടിക്കാഴ്ച നടത്താൻ കഴിയണമെന്നില്ല. അതുകൊണ്ട് വർഷത്തിൽ മൂന്ന് ദിവസം ജൽസക്ക് വേണ്ടി നിശ്ചയിക്കുന്നത് ഉചിതമെന്ന് തോന്നുന്നു. ശാരീരികാരോഗ്യമുള്ളവരും അവധി ലഭിക്കുന്നവരും. മറ്റു ബുദ്ധിമുട്ടുകളൊന്നും തടസ്സമില്ലാത്തവരുമായ എല്ലാ നല്ല ആളുകളും നിശ്ചിത തീയ്യതികളിൽ ഹാജരാകേണ്ടതാണ്.. അല്ലാഹുവിന് വേണ്ടി, അവന്റെ കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനയിൽ പങ്കെടുക്കാനും നിശ്ചിത തീയ്യതികളിൽ വന്നുചേരേണ്ടതാണ്.” ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു; “ഈ ജൽസയിൽ സത്യവിശ്വാസവും ദൈവജ്ഞാനവും വർദ്ധിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നതായിരിക്കും. അപ്രകാരം തന്നെ ഇതിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യുന്നതും അവരെ പ്രത്യേകം ശ്രദ്ധിക്കുന്നതുമായിരിക്കും. അല്ലാഹു തന്നിലേക്ക് അവരെ വലിച്ചടുപ്പിക്കുന്നതിനും അവൻ അവരെ സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവരിലുണ്ടാക്കുന്നതിനും പരമകാരുണികനായ റബ്ബിനെ മുൻനിറുത്തി പരിശ്രമിക്കുന്നതായിരിക്കും. ഓരോ വർഷവും ബൈഅത്ത് ചെയ്ത് വരുന്നവർ നിശ്ചിത തീയ്യതികളിൽ വന്ന്, തങ്ങൾക്ക് മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കുക എന്ന പ്രയോജനവും ഈ ജൽസ മുഖേന ലഭിക്കും. അവരിൽ

നിന്ന് വെളിച്ചം പേറി പരസ്പരമുള്ള സ്നേഹബന്ധത്തിലും ദൈ വജ്ഞാനത്തിലും അഭിവൃദ്ധി നേ ടാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഇഹലോകവാസം വെടിയുന്നവരുടെ പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുന്നതായിരിക്കും. ആത്മീയമായ നിലയിൽ എല്ലാ സഹോദരങ്ങളെയും ഒന്നിപ്പിക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും ഭിന്നിപ്പും അവരുടെ ഇടയിൽ നിന്ന് ഇല്ലാതാക്കുന്നതിനും പ്രതാപവാനായ അല്ലാഹുവിനെ സാക്ഷിനിറുത്തി പരിശ്രമിക്കുന്നതായിരിക്കും. ഈ ആത്മീയ ജൽസയിൽ അദ്ധ്യാത്മികമായ മറ്റു പല പ്രയോജനങ്ങളും ഫലങ്ങളും ഉണ്ടായിരിക്കും. അത് ഇൻശാഅല്ലാഹ് സന്ദർഭോചിതം വെളിപ്പെടുന്നതാണ്.'' (ആസ്മാനീഫയ്സല, റൂഹാനീ ഖസായൻ വാള്യം 4) പൂർണ്ണമായും ആത്മീയപരമായ ലക്ഷ്യം മുൻനിറുത്തിയാണ് ജൽസ സാലാനക്ക് അടിസ്ഥാനമിട്ടതെന്ന് മേൽവിവരണങ്ങളിൽ നിന്ന് സുവിദിതമാകുന്നുണ്ട്.

## ജൽസാ സാലാനക്ക് പിന്നിൽ ദിവ്യഹസ്തം

വളരെ ചുരുങ്ങിയ നിലയിലായിരുന്നു ജൽസാ സാലാനക്ക് തുടക്കം കുറിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വിളംബരപ്പെടുത്തിയതനുസരിച്ച് ഭക്തരായ 75 സത്യാത്മാക്കൾ മസ്ജിദ് അഖ്സയിൽ ഒത്തുകൂടുകയുണ്ടായി. മൗലാനാ അബ്ദുൽ കരിം സാഹിബ് സിയാൽക്കോട്ടി(റ) മസീഹ് മൗഊദ് (അ) രചിച്ച ആസ്മാനീ ഫയ്സല' എന്ന ഗ്രന്ഥം ആ യോഗത്തിൽ വായിച്ചുകേൾപ്പിച്ചു. പിന്നീട് നിശ്ചിത അഞ്ജുമന്റെ അംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള ചർച്ച നടന്നു. അനന്തരം, മസീഹ് മൗഊദ് (അ) വന്നവർക്കെല്ലാം ഹസ്തദാനം ചെയ്തു. പ്രഥമ ജൽസയുടെ രൂപമായിരുന്നു ഇത്. അക്കാലത്ത് വരിസംഖ്യ പിരിക്കുന്നതിനുള്ള സംവിധാനം നടപ്പിലായിരുന്നില്ല. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം തന്നെയാണ് ജൽസയുടെ ചെലവുകളധികവും നിർവ്വഹിച്ചിരുന്നത്. ഒരിക്കൽ അതിഥികളെ സൽക്കരിക്കുന്നതിനും അവരുടെ ഭക്ഷണചെലവിന്നും പണം തികയാതെ വന്നപ്പോൾ തന്റെ ഭാര്യയുടെ ആഭരണങ്ങൾ വിറ്റ് അതിനുള്ള ഏർപ്പാടുണ്ടാക്കുകയാണ് അദ്ദേഹം ചെയ്തത്. പിന്നീട് പ്രതീക്ഷിക്കാത്ത മാർഗങ്ങളിലൂടെ അനുചരരിൽ നിന്ന് സംഭാവനകളും ഇതിന്നായി ലഭിക്കുകയുണ്ടായി. അക്കാലത്തെ നിസ്സഹായാവസ്ഥയെക്കുറിച്ച് തന്റെ ഒരു കവിതയിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: "ഒരു കാലത്ത് എനിക്ക് മറ്റുള്ളവരുടെ ഭക്ഷണത്തളികയിലെ റൊട്ടിക്കഷണങ്ങളെ ആശ്രയിച്ചുകഴിയേണ്ടിവന്നു. എന്നാൽ ഇന്നാകട്ടെ എന്റെ ഭക്ഷണത്തളികയിൽ നിന്ന് നാനാദേശങ്ങളിൽ നിന്നുമെത്തിയ ആയിരക്കണക്കിനാളുകൾ ആഹാരം സ്വീകരിക്കുന്നു. ഇന്ന് എന്റെ ലങ്കർ (ഭോജനശാല) ലോകത്ത് പെരുകിയിരിക്കുകയാണ്." അതിഥികളുടെ ചെലവുകൾക്ക് വേണ്ടി ഹദ്റത്ത് മസീഹ് മഊദ് (അ)ന് തന്റെ ഭാര്യയുടെ ആഭരണം വിൽക്കേണ്ടി വന്നിരുന്ന കാലമുണ്ടായിരുന്നു. എന്നാലിന്ന്, ഇംഗ്ലണ്ടിലും ജർമ്മനിയിലും അമേരിക്കയിലും ആസ്ത്രേലിയയിലും മറ്റു ആഫ്രിക്കൻ നാടുകളിലും അഭൂതപൂർവ്വമായ സമ്മേളനങ്ങൾ നടത്താനും വന്നെത്തുന്ന അതിഥികൾക്ക് ഞെരുക്കം കൂടാതെ ആഹാരവിതരണം ഏർപ്പെടുത്താനും ദൈവാനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിന് സാധിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സമ്മേളനങ്ങൾക്ക് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതിനുള്ള ഭാഗ്യവും ജമാഅത്തിന് കൈവന്നിരിക്കുന്നു. വാഗ്ദത്ത മഹ്ദീ മസീഹ് (അ)ന് 'ഗുലാം അഹ്മദ് കീ ജയ്' എന്ന ഒരു ദൈവിക വെളിപാട് ലഭിച്ചിട്ടുണ്ട്. നിന്നെ ബഹുമാനിച്ചാദരിക്കുന്ന ഒരു വലിയ ജനവിഭാഗം വാർത്തെടുക്കപ്പെടുന്നതാണെന്ന സുവാർത്തയാണ് അതിലടങ്ങിയിരിക്കുന്നത്. ആ പുണ്യാത്മാവ് തുടങ്ങിവെച്ച വാർഷിക ജൽസയെ പിന്തുടർന്നു കൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നടക്കുന്ന മഹാസമ്മേളനങ്ങളിലും 'ഗുലാം അഹ്മദ് കീ ജയ്' എന്ന ധ്വനി മുഴങ്ങി കേൾക്കുക വഴി പ്രസ്തുത ദൈവിക വെളിപാടിന്റെ നിറഞ്ഞ സാക്ഷാൽക്കാരവും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. 1991-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മീർസാ താഹിർ അഹ്മദ് (റഹ്) ഉം 2005-ൽ ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബും ഖാദിയാൻ പാവനഭൂമിയിൽ ആഗതരാകുകയും ഗതകാലസ്മരണകളും ആത്മീയാനുഭൂതികളുമുണർത്തി കൊണ്ട് ജൽസ സാലാന അവിസ്മരണീയമാക്കുകയുമുണ്ടായി. ഇക്കാലഘട്ടത്തിൽ, കാലത്തിന്റെ ഇമാമിന് ഖാദിയാനിലെ ആഗോള സമ്മേളനത്തെ സാറ്റ്ലൈറ്റ് മുഖേന സമുദ്ഘാടനം ചെയ്യാനും അഭിസംബോധന ചെയ്യാനുമുള്ള മാർഗ്ഗവും സർവ്വശക്തനായ ദൈവം ഒരുക്കിത്തന്നിരിക്കുകയാണ്. നൂറ് വർഷങ്ങൾക്ക് മുമ്പേ വാഗ്ദത്ത മഹ്ദീ മസീഹ് (അ)നെ കാണാനെത്തുന്നവരെ തടയുന്നതിനും തിരിച്ചയക്കുന്നതിനും വേണ്ടി ബട്ടാല, റയിൽവേ സ്റ്റേഷനിൽ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എന്ന മുസ്ലിം പുരോഹിതൻ ഓരോ ദിവസവും നടന്നു ചെല്ലാറുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന് ജനങ്ങളുടെ വരവ് തടയാൻ സാധിച്ചിരുന്നില്ല. ഇന്നാകട്ടെ, ഹദ്റത്ത് മസീഹ് (അ) അസ്തിവാരമിട്ട

ജൽസാ സാലാനയിൽ പങ്കെടുക്കുന്നതിന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് കൂട്ടംകൂട്ടമായിട്ടാണ് ജനങ്ങൾ ഖാദിയാനിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നത്. ദിവ്യഹസ്തമാണ് ഈ ആത്മീയ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന്, നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. ■

*(12-ൽ നിന്ന് തുടർച്ച)*

തളർച്ചയോടും അഭിപ്രായഗതിമാറ്റുവാനോ കുറ്റസമ്മതം നടത്തുവാനോ മനസ്സിന് നിരന്തര സമ്മർദ്ദ മേല്പിക്കുന്നതിനോടും (Brain washing) സമാനമായ ഒരവസ്ഥ. ഇത് സംബന്ധിച്ച വിവരണങ്ങളിൽ പോൾകോഗൻ ഈ മാനസിക പ്രക്രിയയെ അന്വേഷണം, വെളിപാട്, ആജ്ഞാപനം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

### ഉപസംഹാരം

ന്യായാധിപ മന്ദിരത്തിൽവെച്ച് ലഭിച്ച കനത്ത പ്രഹരങ്ങൾ യേശുവിൽ പെട്ടെന്ന് മോഹലാസ്യമുണ്ടാക്കുകയും കുരിശിൽ നിന്ന് നിർദ്ദിഷ്ട സമയത്തിന് മുമ്പേ തന്നെ ഇറക്കാനിടയാക്കുകയും ചെയ്തു. യേശുവിന്റെ ശിഷ്യന്മാർക്കും സ്ത്രീകൾക്കുമിടയിലുള്ള വ്യക്തിപരവും സംഘപരവുമായ പ്രേരണാവിധേയത്വം (വശഗത്വം) യേശുവിന്റെ തുടർന്നുള്ള പ്രത്യക്ഷപ്പെടലുകളെ വിശദീകരിക്കുന്നു. ഈ സങ്കല്പ സിദ്ധാന്തം യേശുവിന്റെ കുരിശ് സംഭവത്തെ സംബന്ധിച്ച ചരിത്രപരമായ തെളിവുകളെ അംഗീകരിക്കുകയും നടന്ന സംഭവങ്ങളെ ആധുനികവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ വിശ്വാസം ചിന്താശേഷിയെ നിശ്ചേതനമാക്കുകയോ അശാസ്ത്രീയസങ്കല്പങ്ങളെ വെച്ച് പുലർത്തുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നില്ല. അതിന്റെ തത്ത്വസംഹിതകൾക്കുള്ളിൽ നിന്നുകൊണ്ട്, തെളിയിക്കപ്പെട്ട വസ്തുതകൾ അംഗീകരിക്കുവാൻ സാധിച്ചാൽ ക്രി സ്തുസഭക്ക് കൂടുതൽ കരുത്ത് ആർജ്ജിക്കാവുന്നതാണ്. അതിന് സാധിക്കാതെ വന്നാൽ ഭൂരിഭാഗം ജനങ്ങളുടെ വിശ്വാസ സീമകൾക്കുമപ്പുറം അവശേഷിക്കുന്നത് അന്ധവിശ്വാസം മാത്രമായിരിക്കും. ■

*(5-ൽ നിന്ന് തുടർച്ച)*

ന്നു. രാഷ്ട്രീയ സ്ഫോടകശേഷിയുള്ള മതവികാരം എന്ന ഇന്ധനം ആത്മീയാന്വേഷണത്തിന് വേണ്ടി ഉപയോഗിച്ച് എന്തിന് വെറുതെ പാഴാക്കി കളയണം എന്നാണ് അവരുടെ പരിഭവം.

വാസ്തവത്തിൽ എല്ലാ മതങ്ങളും ദൈവത്തിന്റെ പരിശുദ്ധ സ്രോതസ്സിൽനിന്ന് ഉരുവംകൊണ്ടതാണ്. എല്ലാ മതങ്ങളും പങ്കിടുന്ന സത്യം, സഹാനുഭൂതി, ചാരിത്രം, ദയ, സഹനം, പരോപകാരം മുതലായ ധാർമ്മിക ഗുണങ്ങളും നൈതികതയും ഏറെക്കുറെ ഒന്നാണ്. മതത്തിൽ വിശ്വാസമില്ലാത്തവനും ദൈവം അവന് നൽകിയ സ്വച്ഛമായ മനസ്സാക്ഷിഗുണത്തിന്റെ ബലത്തിൽ ഇങ്ങനെ തന്നെ പെരുമാറുന്നു. ഒരു സിവിൽ സമൂഹത്തിന്റെ രാഷ്ട്രനടത്തിപ്പിനുള്ള സാർവ്വത്രിക സാമൂഹിക നീതിയുടെ നിർവ്വഹണത്തിന് ഇതെല്ലാം ധാരാളമാണ്. അതിന് ഒരു മതത്തിന്റെയും സ്പോൺസർഷിപ്പ് ആവശ്യമില്ല.

ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും ബൗദ്ധരും സിക്കുകാരുമായി ഇന്ത്യയിൽ നാം ഒരു ബഹുസ്വര സമൂഹമായി ജീവിക്കുന്നു. നമ്മുടെ തലക്കു മുകളിൽ എന്നും ദൈവം ഉദിപ്പിക്കുന്ന സൂര്യൻ ഒന്നാണ്, നാം ശ്വസിക്കുന്ന വായു ഒന്നാണ്, കഴിക്കുന്ന ഭക്ഷണവും കുടിക്കുന്ന വെള്ളവും ഒന്നാണ്. നമുക്ക് മീതെ ഒരേപോ ലെ ജലം വർഷിക്കുന്നു. നാം ഉപയോഗിക്കുന്ന വിഭവങ്ങൾ ഒന്നാണ്. ഈ ഭൗതിക സാമഗ്രികളും സാർവ്വത്രിക നൈതികതയുമാണ് ഭാരതീയന്റെ ദേശത്തേയും ദേശീയതയും നിർണ്ണയിക്കുന്നത്. മതങ്ങളല്ല. മതപരിവർത്തനം കൊണ്ട് സെക്കുലർ രാഷ്ട്രത്തിനോ, യാതൊന്നും സംഭവിക്കില്ല.

രാഷ്ട്രത്തിന്റെ അധികാരശക്തിയുടെ ഉറവിടമായ ദേശീയത മതവിശ്വാസമാണെന്ന് പറയുന്നവർ മതത്തെ മലിനപ്പെടുത്തുകയാണ് ചെയ്യുന്നത്. മതത്തിന്റെ ആത്യന്തിക ലക്ഷ്യം ഐഹിക ജീവിതത്തിലെ അധികാരമല്ല ആത്മീയ മോക്ഷമാണ്. ലോകം കാൽകീഴിൽ വന്നണഞ്ഞിട്ടും ചെങ്കോലും സിം ഹാസനവും പരിത്യജിച്ച ശ്രീരാമചന്ദ്രന്റെ ഭാരതീയ പാരമ്പര്യം നാം മറക്കരുത്. മതജീവിതം നയിക്കാൻ അധികാരത്തിന്റേയോ സമ്മർദ്ദസ്വഭാവമുള്ള രാഷ്ട്രത്തിന്റേയോ ആവശ്യമില്ല. അതുപോലെ തികച്ചും സെക്കുലറായിരിക്കേണ്ട രാഷ്ട്രത്തിന് മതത്തിന്റെ ആവശ്യമില്ല. ചുരുക്കത്തിൽ ദേശീയതയെ നിർണ്ണയിക്കുന്നത് മതമാണെന്നും അതുകൊണ്ട് മതംമാറ്റം ദേശദ്രോഹമാണെന്നുമുള്ള കാഴ്ചപാടും മത- വ്യക്തി സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണ്. സ്വാതന്ത്ര്യസ്നേഹികളും മതവിശ്വാസികളും ഈ സങ്കുചിതവാദത്തെ തിരിച്ചറിയുക തന്നെ ചെയ്യും. ■

ലേഖനം

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

# സ്നേഹത്തിന്റെ തൃകൈ നീട്ടിയ പ്രവാചകൻ

**അധികാരത്തിന്റെ നിറവിൽ, തന്നെ കഠിനമായി ദ്രോഹിച്ചവർക്കും തന്റെ പിതൃവ്യനെയും സഹചരരെയും ഹീനമായി കൊലപ്പെടുത്തിയവർക്കും നേരെ സ്നേഹത്തിന്റെ തൃകൈ നീട്ടിയ കാരുണ്യത്തിന്റെ മഹാപ്രവാചകനായിരുന്നു റസൂൽ തിരുമേനി (സ).**

## ഹംസ(റ)യുടെ ഘാതകനായ വഹ്ശിക്ക് മാപ്പ്

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളിൽ **വഹ്ശി ബിൻ ഹർബും** ഉണ്ടായിരുന്നു. അയാൾ അടിമത്തത്തിൽനിന്ന് മോചനം നേടുക എന്ന ഉദ്ദേശ്യത്തോടെ, ഉഹുദു യുദ്ധത്തിൽ നേരിട്ടുവന്ന് യുദ്ധം ചെയ്യുന്നതിനു പകരം ഇസ്ലാമിന്റെ ധ്വജവാഹകനായ **ഹംസ**യുടെമേൽ ഒളിയാക്രമണം നടത്തി അദ്ദേഹത്തെ ശഹീദാക്കി. മക്കാവിജയത്തിനുശേഷം ഇയാൾ ത്വായിഫിലേക്ക് ഓടിപ്പോയി. പിന്നീട് വിവിധ പ്രദേശങ്ങളിൽനിന്നുള്ള കച്ചവടസംഘങ്ങൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ വരാൻ തുടങ്ങി. നബി(സ) തിരുമേനി, കച്ചവടസംഘങ്ങളെ വളരെയധികം ആദരിക്കുന്നുവെന്ന് ആരോ വഹ്ശിയോടു പറഞ്ഞു. ഇങ്ങനെ ഒളിച്ചുജീവിക്കുന്നതിനു പകരം താങ്കളും ഏതെങ്കിലും സംഘത്തോടൊപ്പം ചേർന്ന് തിരുനബിയുടെ സന്നിധിയിൽ ഹാജരായി മാപ്പ് യാചിക്കുക എന്നും അയാൾ ഉപദേശിച്ചു.

അങ്ങനെ അയാൾ ത്വായിഫിലെ കച്ചവട സംഘത്തോടൊപ്പം വന്നു. നബി(സ)യോട്, പിതൃവ്യനെ വധിച്ചതിന് മാപ്പ് ചോദിച്ചു. അത് കണ്ടിട്ട്, 'താങ്കൾ വഹ്ശിയാണോ?' എന്ന് ആ മഹാത്മാവ് തിരക്കി. അയാൾ പറഞ്ഞു: 'അതെ! ഞാൻ ഇസ്ലാം സ്വീകരിക്കുകയാണ്.' നബി(സ) ചോദിച്ചു: 'ഹംസയെ താങ്കളാണോ വധിച്ചത്?' അയാൾ ശരിവെച്ചുകൊണ്ട് ഉത്തരം നല്കി. നബി(സ) ആ സംഭവത്തിന്റെ വിശദീകരണം ചോദിച്ചു. താൻ എങ്ങനെയാണ് ഒളിഞ്ഞിരുന്ന് കുന്തം കൊണ്ട് കുത്തി ഹംസയെ ശഹീദാക്കിയതെന്ന് അയാൾ വിവരിച്ചു. ഇതുകേട്ടപ്പോൾ തന്റെ പ്രിയങ്കരനായ പിതൃവ്യന്റെ വീരമൃത്യുവിന്റെ ഓർമ്മ ഒരിക്കൽ കൂടി നബിതിരുമേനിക്ക് പുതിയതായി അനുഭവപ്പെട്ടു. ആ മഹാത്മാവിന്റെ കണ്ണുകളിൽ കണ്ണീർ നിറയുന്നത് സ്വഹാബത്ത് കണ്ടു. ആ നേരത്ത് ആ മഹാത്മാവിന് ഹദ്റത്ത് ഹംസയുടെ നന്മകളും ഓർമ്മ വന്നിട്ടുണ്ടാകും. അബൂജഹ്ലിന്റെ പീഡനങ്ങൾക്കെതിരിൽ ഇസ്ലാമിന്റെ ബലഹീന കാലഘട്ടത്തിൽ നെഞ്ചുവിരിച്ചുകൊണ്ടാണ് അദ്ദേഹം മുസ് ലിമായത്. അവസാനശ്വാസംവരെ നബി(സ) തിരുമേനിയുടെ വലംകൈയായി പ്രവർത്തിച്ചു. ഇതെല്ലാം ഓർത്തും തന്റെ അപ്പോഴത്തെ ശക്തിയും പ്രതാപവും കൊണ്ടും പ്രതികാര വാഞ്ച എത്രത്തോളം അദ്ദേഹത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടാകുമെന്ന് ഹൃദയമുള്ളവർക്കേ മനസ്സിലാക്കാൻ കഴിയൂ. എന്നാൽ മറുഭാഗത്ത് താൻ ഇസ്ലാം സ്വീകരിക്കുന്നുവെന്ന് വിളംബരം ചെയ്ത് വഹ്ശി മാപ്പിന്നപേക്ഷിച്ചുകഴിഞ്ഞിരുന്നു. ആ മഹാത്മാവ് തികഞ്ഞ വാത്സല്യവും സഹിഷ്ണുതയും പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'വഹ്ശി, നീ പോയ്ക്കൊള്ളുക. ഞാൻ നിനക്ക് മാപ്പ് തരുന്നു. എന്റെ പ്രിയപ്പെട്ട പിതൃവ്യന്റെ ദുഃഖകര

എന്ന് ആംഗ്യത്തിലൂടെ പറഞ്ഞ അതേ **ഹാരിഥ്** തന്നെയായിരുന്നു അത്. അങ്ങനെ വെള്ളം കുടിക്കാതെ സ്വയം ത്യാഗം വരിച്ച് അദ്ദേഹം തന്റെ ജീവൻ അല്ലാഹുവിനെ ഏല്പിച്ചു (*ഇബ്നു അഥീർ*).

**ഹാരിഥ് ബിൻ ഹിശാം** തന്നെ പറയുന്നു: 'നബി(സ) തിരുമേനി എന്റെ അഭയയാചന സ്വീകരിച്ചിരിക്കുന്നുവെന്ന് **ഉമ്മു ഹാനി**(റ) എന്നെ അറിയിച്ചപ്പോൾ ആരും എന്നോട് എതിർപ്പ് കാണിച്ചില്ല. എങ്കിലും എനിക്ക് ഹദ്റത്ത് **ഉമറി**നെ ഭയമായിരുന്നു. പക്ഷേ, അദ്ദേഹവും ഒരിക്കൽ എന്റെ അടുത്തുകൂടെ നടന്നുപോയി. ഞാൻ ഇരിക്കുകയായിരുന്നു. എന്നാൽ, അദ്ദേഹവും എന്നോട് വിരോധം കാണിച്ചില്ല. ഇനി നബി(സ) തിരുമേനിയെ എങ്ങനെ എന്റെ മുഖം കാണിക്കുമെന്ന ലജ്ജയായിരുന്നു എനിക്ക്. കാരണം നബി(സ) തിരുമേനിയെ കാണുമ്പോൾ എനിക്ക്, അന്യാരാധകരോട് ചേർന്ന് അങ്ങയോട് ഞാൻ ചെയ്തുകൂട്ടിയ എല്ലാ ശത്രുതയും കാര്യവും ഓർമ്മവരുമല്ലോ. എന്നാൽ, ഞാൻ നബി(സ) തിരുമേനിയെ കണ്ടുമുട്ടിയപ്പോൾ ആ സമയത്ത് ആ മഹാത്മാവ് പള്ളിയിൽ പ്രവേശിക്കുകയായിരുന്നു. അങ്ങേയറ്റം വാത്സല്യത്തോടെ നബി(സ) അവിടെ എന്നെ കാത്തുനിന്നു. അതീവ സന്തോഷത്തോടും പ്രസന്നതയോടുംകൂടി നബിതിരുമേനി കാണപ്പെട്ടു. അപ്പോൾ ഞാൻ നബി(സ)യുടെ തിരുസന്നിധിയിൽ ഹാജരായി ഇസ്ലാം സ്വീകരിച്ചു. സത്യത്തിന് സാക്ഷ്യം പറയുകയും ചെയ്തു. ആ അവസരത്തിൽ നബി(സ) പറഞ്ഞു: "**താങ്കൾക്ക് സന്മാർഗ്ഗം നല്കിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. താങ്കളെപോ**

ശ്വശുരഗൃഹത്തിലെ ബന്ധുക്കളായിരുന്നു. ഹദ്റത്ത് ഉമ്മുഹാനി അവർക്ക് അഭയം നല്കി തന്റെ വീട്ടിൽ താമസിപ്പിച്ചു. ആദ്യം തന്റെ സഹോദരനായ **ഹദ്റത്ത് അലി**യോട് അവരുടെ മാപ്പിനെക്കുറിച്ച് ഉമ്മുഹാനി സംസാരിച്ചു. എന്നാൽ, 'ഇസ്ലാമിന്റെ ഇത്തരം ശത്രുക്കളെ താൻ തന്നെ തന്റെ കൈകൊണ്ട് വധിക്കു'മെന്ന് അദ്ദേഹം വ്യക്തമായും പറഞ്ഞു. അപ്പോൾ ഉമ്മുഹാനി (റ) നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. *അല്പം ചിന്തിക്കുക, ഇസ്ലാമിന്റെ ശത്രുക്കളായ രണ്ട് അക്രമികൾക്ക് ഒരു സ്ത്രീയുടെ അഭയത്തിന് എന്ത് വിലയാണുള്ളത്!* എന്നാൽ ഉമ്മുഹാനി, നബി(സ)യുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: 'ഞാൻ അഭയം നല്കിയ വ്യക്തിയെ വധിക്കുമെന്ന് എന്റെ സഹോദരൻ അലി പറയുന്നു.' നബി(സ) തിരുമേനിയുടെ സഹിഷ്ണുത നോക്കുക. ആ മഹാത്മാവ് പറഞ്ഞു: 'ഉമ്മുഹാനി, ആർക്കാണോ നീ അഭയം നല്കിയിട്ടുള്ളത് അയാൾക്ക് ഞാനും അഭയം നല്കിയിരിക്കുന്നു.' അങ്ങനെ ഇസ്ലാമിന്റെ ആ ശത്രുക്കൾക്ക് മാപ്പ് നല്കപ്പെട്ടു. (*ഹിശാം*)

ഖുറയ്ശി നേതാക്കളിൽപെട്ട **ഹാരിഥ് ബിൻ ഹിശാമി**ന് നബി(സ) മാപ്പ് നല്കിയെന്നു മാത്രമല്ല, നൂറു ഒട്ടകങ്ങൾ സമ്മാനമായിട്ടും നല്കുകയുണ്ടായി. പിന്നീട് അദ്ദേഹം **യർമൂക്** യുദ്ധത്തിൽ പങ്കെടുക്കുകയും അതിൽ വീരമൃത്യു വരിക്കുകയും ചെയ്തു. സ്വയം കഠിനമായ ദാഹമുണ്ടായിട്ടും പരിക്കേറ്റ തന്റെ രണ്ട് മുസ്ലിം സഹോദരങ്ങളായ **ഇക്രിമ**യേയും **സഹ്ലി**നേയും ദാഹിക്കുന്നവരായിക്കണ്ട് അവരെ വെള്ളം കുടിപ്പിക്കുക

മായ വീരമൃത്യുവിന്റെ വിഷമപൂർണ്ണമായ ഓർമ്മ എന്നെ ആവർത്തിച്ചാവർത്തിച്ച് അലട്ടാതിരിക്കാൻ എന്റെ കൺമുമ്പിൽ വരാതിരിക്കുവാൻ നീ ശ്രദ്ധിക്കുമോ?' നബി(സ)യുടെ ഈ അത്ഭുതകരമായ ഔദാര്യം വഹ്ശി കണ്ടു. ആ മഹാത്മാവിന്റെ ഉൽക്കൃഷ്ടമായ സ്വഭാവം തിരിച്ചറിഞ്ഞ് സത്യഹൃദയത്തോടെ മുസ്ലിമായി. ഹദ്റത്ത് ഹംസയുടെ വധത്തിന്റെ പ്രായശ്ചിത്തം നിറവേറ്റാനുള്ള ചിന്തയായി അദ്ദേഹത്തിന്. പിന്നീട് ഇസ്ലാമിന്റെ ഏതെങ്കിലും വലിയ ശത്രുവിനെ നശിപ്പിച്ചുകൊണ്ട് ഹദ്റത്ത് ഹംസയുടെ വധത്തിന് പ്രതിദാനം ചെയ്യുമെന്ന് അദ്ദേഹം ദൃഢമായ തീരുമാനമെടുത്തു.

**ഹദ്റത്ത് അബൂബക്കറി**ന്റെ കാലഘട്ടത്തിൽ **മുസയ്ലിമത്തുൽ കദ്ദാബി**നെ വധിച്ച് യമപുരിയിലേക്കയച്ചത് നബി(സ) സ്നേഹംകൊണ്ട് ഹൃദയം ജയിച്ചടക്കിയ അതേ വഹ്ശിതന്നെയായിരുന്നു.

## ഹാരിഥ് ബിൻ ഹിശാം, സുഹയ്ർ ബിൻ ഉമയ്യാ

ഇക്രിമയുടേയും സ്വഫ്വാന്റേയും കൂട്ടുകാരായിരുന്നു ഹാരിഥ് ബിൻ ഹിശാമും സുഹയ്ർ ബിൻ ഉമയ്യായും. നബി(സ) തിരുമേനിയുടെ അഭയവാഗ്ദാനം സ്വീകരിക്കുന്നതിനു പകരം അവർ അദ്ദേഹത്തെ ഉപദ്രവിക്കാമെന്നുതന്നെ തീരുമാനിച്ചതാണ്. മക്കാവിജയത്തിനുശേഷം തങ്ങളോട് ഏതുരീതിയിലായിരിക്കും നബി(സ) പെരുമാറുക എന്നോർത്ത് അവർ വിഷമിക്കുകയുംചെയ്തു. നബിതിരുമേനിയുടെ പിതൃവ്യന്റെ മകൾ **ഉമ്മു ഹാനി**(റ) മുഖേന മാപ്പിന്നപേക്ഷിക്കാമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു. അവർ രണ്ടുപേരും അവരുടെ

**ലുള്ള ബുദ്ധിമാന് എങ്ങനെയാണ് ഇസ്‌ലാമിൽനിന്ന് അകന്നും ദൂരത്തും ഇരിക്കാൻ കഴിയുക.**" (*ഹൽബിയ്യ*).

മുഴുലോകത്തിന്റേയും കാരുണ്യമായ നബി(സ) മക്കക്കാർക്ക് അഭയം വിളംബരം ചെയ്തുകൊണ്ട് കഅ്ബ മന്ദിരത്തിലെത്തുന്നു. ചില ദുഷ്ടന്മാർ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. ഇന്ന് ഈ മഹാനായ വിജയിയെ വധിച്ചാൽ മുസ്‌ലിംകളുടെ വിജയത്തെ പരാജയമാക്കി മാറ്റാം എന്നാണ് അവരുടെ കണക്കുകൂട്ടൽ. കഅ്ബാ പ്രദക്ഷിണവേളയിൽ **ഫുളാലത്ത് ബിൻ ഉമയ്ർ** നബിയെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെ അടുത്തെത്തി. അയാളുടെ ദുരുദ്ദേശ്യത്തെക്കുറിച്ച് അല്ലാഹു ആ പുണ്യാത്മാവിന് അറിയിച്ചുകൊടുത്തു. നബി(സ) അയാളുടെ പേരെടുത്തുവിളിച്ചപ്പോൾ അയാൾ പരിഭ്രമിച്ചുപോയി. എന്തിനാണ് നീ വന്നതെന്ന് ആ മഹാത്മാവ് ചോദിച്ചു. അപ്പോൾ അയാൾ കളവ് പറഞ്ഞു. നബി(സ) അത് കേട്ട് പുഞ്ചിരിച്ചു. അയാളെ തന്റെ അടുത്തുചേർത്ത് സ്നേഹത്തോടെ നെഞ്ചിൽ കൈവച്ചു. ഫുളാലത്ത് പിന്നീട് പറയാറുണ്ടായിരുന്നു, നബി(സ) എന്റെ നെഞ്ചിൽ കൈവച്ചപ്പോൾ എന്റെ സകല വെറുപ്പും അകന്നുപോയി. ലോകത്ത് തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടയാൾ നബി തിരുമേനിയാണെന്ന് തോന്നി. **ഫുളാലത്ത്** നബി (സ) തിരുമേനിയുടെ ആ സൽപെരുമാറ്റത്തിൽ ആകൃഷ്ടനായി അപ്പോൾതന്നെ ഇസ്‌ലാം സ്വീകരിച്ചു. നമ്മുടെ യജമാനരായ നബി(സ) മക്കാ വിജയത്തിന്റെ നാൾ ഹൃദയങ്ങളെ കീഴടക്കിയത് ഇങ്ങനെയായിരുന്നു. (*ഇബ്നു ഹിശാം*)

ത്വായിഫിന്റെ ഉപരോധത്തിൽ നിന്ന് തിരിച്ചുവരുമ്പോൾ സുപ്രസിദ്ധ കവി **കഅ്ബ് ബിൻ സുഹയ്ർ**, നബി(സ)യുടെ സന്നിധിയിൽ ഹാജരായി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ പിതാവ് സുഹയ്ർ ഗ്രന്ഥാനുസാരികളുടെ യോഗങ്ങളിൽ ഒരു നബി വരുമെന്നുള്ള കാര്യം കേട്ടിരുന്നതാണ്. അദ്ദേഹത്തെ സ്വീകരിക്കണമെന്ന് മക്കളോട് വസിയ്യത്തും ചെയ്തിരുന്നു. നബി(സ) തിരുമേനി നിയോഗിതനായതോടെ അദ്ദേഹത്തിന്റെ ഒരു മകനായ **ബുജയ്ർ** ഇസ്‌ലാം സ്വീകരിച്ചു; കഅ്ബ്, അല്ലാഹുവിന്റെ ദൂതർക്കും മുസ്‌ലിം സ്ത്രീ കൾക്കുമെതിരിൽ ആക്രമണം നടത്തി. വൃത്തികെട്ട കവിതകൾ പാടി നടക്കുമ്പോഴായിരുന്നു ഇത്. ഇക്കാരണത്താൽ നബി(സ) അയാളെ വധിക്കാൻ കല്പന പുറപ്പെടുവിച്ചു.

കഅ്ബിന്റെ സഹോദരൻ അയാൾക്കെഴുതി: 'മക്ക കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ താങ്കൾ വന്ന് ദൈവദൂതരോട് മാപ്പ് ചോദിക്കുക.' അങ്ങനെ അദ്ദേഹം ദൈവദൂതരുടെ തേജോവിലാസം വിവരിച്ചുകൊണ്ട് ഒരു **ഖസീദ** എഴുതി. അത് '**ബാനത്ത് സുആദ്**' എന്ന പേരിൽ പ്രസിദ്ധമാണ്. അയാൾ മദീനയിൽ വന്ന് തന്റെ ഒരു പരിചയക്കാരന്റെ വീട്ടിൽ താമസിച്ചു. മദീനാവാസികളാരും അയാളെ അറിയുമായിരുന്നില്ല. അയാൾ സുബ്ഹി നമസ്കാരം നബി(സ)യോടൊപ്പം **മസ്ജിദ് നബ്‌വി**യിൽ പോയി നിർവഹിച്ചു. തന്നെ പരിചയപ്പെടുത്താതെ തന്നെ ദൈവദൂതരോട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, കഅ്ബ് ബിൻ സുഹയ്ർ മാനസാന്തരപ്പെട്ട് വന്നിരിക്കുകയാണ്. അയാൾ മാപ്പിന്നപേക്ഷിക്കുന്നു. അനുവദിക്കുകയാണെങ്കിൽ അയാളെ അങ്ങയുടെ മുമ്പിൽ ഹാജരാക്കാം.' നബി(സ) പറഞ്ഞു: 'ഞാൻ അനുവദിച്ചിരിക്കുന്നു.' അ പ്പോൾ അയാൾ പറഞ്ഞു: 'ഞാൻ തന്നെയാണ് കഅ്ബബിൻ സുഹയ്ർ ഇത് കേട്ടപാടെ ഒരു അൻസ്വാരി, നബി(സ)യുടെ മുൻകല്പനയനുസരിച്ച് അയാളെ വധിക്കാൻ എഴുന്നേറ്റു. നബി(സ) പറഞ്ഞു: "വേണ്ട, ഇപ്പോൾ അയാളെ വെറുതെ വിടുക. അയാൾ മാപ്പിന്നപേക്ഷിച്ചുകൊണ്ടാണ് ഇവിടെ വന്നിട്ടുള്ളത്.' പിന്നീട് അയാൾ നബി(സ)യുടെ മഹിമ പ്രതിപാദിക്കുന്ന തന്റെ ഖസീദ ചൊല്ലി.

***ഇന്നർറസൂല ലസയ്ഫുൻ യുസ്തളാഉ ബിഹി***

***മുഹന്നദു മിൻ സയൂഫില്ലാഹി മസ്‌ലൂലി.****

ഈ ഖസീദ കേട്ടപ്പോൾ നബി(സ) വളരെ സന്തോഷിച്ചു. തന്റെ പുതപ്പെടുത്തു അനുഗൃഹീതകരം കൊണ്ട് സമ്മാനമെന്ന നിലയിൽ അയാളെ പുതപ്പിച്ചു. ഇങ്ങനെ ദൈവദൂതന്റെ ഈ വിരോധിയും ആ മഹാത്മാവിന്റെ തിരുസന്നിധിയിൽ നിന്ന് മാപ്പോടുകൂടി സമ്മാനവും വാങ്ങി മടങ്ങി. (*അൽഹൽ ബിയ*)

**ഏതൊരു വാളിന്റെ തിളക്കത്തിൽനിന്ന് വെളിച്ചം ലഭ്യമാകുന്നുവോ ഈ ദൈവദൂതൻ അങ്ങനെയുള്ള ഒരു വാളാണ്. അല്ലാഹുവിന്റെ വാളുകളിൽപെട്ട നിവർത്തിപ്പിടിച്ച ഒരു ഉഗ്രൻ വാൾ!**

*(ഹാഫിദ് മുസഫ്ഫർ അഹ് മദ് സാഹിബിന്റെ 'ഇൻസാനെ കാമിൽ' എന്ന ഗ്രന്ഥത്തോട് കടപ്പാട്)*

■